

Editorial

# സ്വച്ഛസ്ഫടിക തുല്യരായ വിശുദ്ധർ

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ എന്ന പോലെ സഭയ്ക്കും ദൃശ്യവും അദൃശ്യവുമായ രണ്ടു വശങ്ങളുണ്ട്. ദൃശ്യസഭ സർക്കാർനിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതും അദൃശ്യസഭ ആത്മമണ്ഡലത്തിലുള്ള, ക്രിസ്തുവിന്റെ ശരീരവും. ദൃശ്യസഭയിൽ എല്ലാത്തരക്കാരും ഉള്ളപ്പോൾ ക്രിസ്തുവിന്റെ ശരീരമാം സഭയിൽ ക്രിസ്തു എന്ന തലയ്ക്കു വിധേയപ്പെട്ട് പ്രവർത്തിക്കുന്ന തന്റെ ശരീരത്തിലെ അവയവങ്ങൾ മാത്രമാണുള്ളത്. ഒരു ശരീരത്തിലെ എല്ലാ അവയവങ്ങളും തികഞ്ഞ ഏകോപനത്തോടെ പരസ്പരം സഹവർത്തിത്വത്തിൽ, തലയിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശാനുസരണം യോജിച്ചും സഹകരിച്ചും അതാതിന്റെ ചുമതല നിർവ്വഹിക്കുന്നു. പല അവയവങ്ങളുള്ളതിനാൽ ഓരോന്നിന്റെയും ദൗത്യത്തിൽ വ്യത്യാസമുണ്ട്. അവയവങ്ങൾക്ക് തമ്മിൽ പരാതിയോ പരിഭവമോ ഇല്ലാതെ അവയെല്ലാം ചേർന്ന് പ്രവർത്തിക്കുമ്പോൾ നൽകപ്പെട്ട ദൗത്യം വിജയകരമായി പൂർത്തീകരിക്കപ്പെടുന്നു. ക്രിസ്തു തലയായിട്ടുള്ള അദൃശ്യസഭ ആത്മമണ്ഡലത്തിൽ തികഞ്ഞ ഐക്യതയിൽ ക്രിസ്തുകേന്ദ്രീകൃതമായി ദൗത്യനിർവ്വഹണം നടത്തുമ്പോൾ വിജയിക്കുന്നവരുടെ സഭയായി തിളങ്ങിനിൽക്കുന്നു. കാൽവറിയിൽ വെളിപ്പെടുത്തിയ ദൈവസ്നേഹത്താൽ എല്ലാം സഹിക്കുകയും ക്ഷമിക്കുകയും ദോഷം കണക്കിടാതെ അന്യോന്യം തോളോടുതോൾ ചേർന്നുനിന്ന് ഇഴയടുപ്പമുള്ള ആത്മബന്ധത്തിൽ യേശുകർത്താവിന്റെ അതേ കാൽചുവടുകളിൽ ഓടി സമ്പൂർണ്ണ വിജയത്തിലേക്ക് സഭ കുതിക്കുകയും ചെയ്യുന്നു.

ഒരു കെട്ടിടംപണി നടക്കുമ്പോൾ പരിസരം ആകെ അലങ്കോലമായും ശബ്ദമുഖരിതമായും കാണപ്പെട്ടേക്കാമെങ്കിലും പൂർത്തീകരിക്കുമ്പോൾ അവിടെയുള്ള പാഴും വ്യർത്ഥവുമായ സകല മാലിന്യങ്ങളും നീക്കം ചെയ്ത് ഫിനീഷ് ചെയ്യപ്പെട്ട മനോഹരമായ വീട്ടിൽ സ്തുതിസ്തോത്രങ്ങളോടും സന്തോഷത്തോടും ഉടമസ്ഥൻ വാസം ആരംഭിക്കുന്നു. ഇതുപോലെ കർത്താവിന്റെ വരവിൽ ദൃശ്യസഭയിലെ സകല മലിനരെയും കഠിനഹൃദയരെയും അശുദ്ധരെയും നീക്കിക്കളയും. ശരീരമാം സഭയിലെ, കറയും ചുളുക്കവും വാട്ടവും മാലിന്യവും ഇല്ലാത്ത സ്വച്ഛ സ്ഫടിക തുല്യരായ വിശുദ്ധരെ തന്നോടൊപ്പം ചേർത്ത് മണവാളനായ ക്രിസ്തു മദ്ധ്യാകാശത്തിലേക്ക് യാത്രയാകും. ഈ ലക്ഷ്യപ്രാപ്തിക്കായി ജാഗ്രതയോടെയും സൂക്ഷ്മതയോടെയും ഒരുങ്ങുവാൻ നമ്മെ ഓർമ്മിപ്പിച്ചുണർത്തുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. സമയം തക്കത്തിലുപയോഗിച്ചുകൊണ്ട് കർത്താവിന്റെ വരവിനെ ലക്ഷ്യമാക്കി ഒരുങ്ങുവാനുത്സാഹിപ്പിക്കുന്ന മറ്റു ലേഖനങ്ങളും ഏറെ പ്രയോജനപ്രദമാണ്. വിവിധ തലങ്ങളിൽ ആത്മിക വളർച്ചയ്ക്കായി പ്രബോധിപ്പിക്കുന്ന എല്ലാ ലേഖനങ്ങളും ഏറെ അനുഗ്രഹപ്രദമാണ്. എല്ലാവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും ആവശ്യപ്പെട്ടുകൊണ്ട് ഈ ലക്കം എല്ലാ വായനക്കാർക്കുമായി സമർപ്പിക്കുന്നു.

പുസ്തകം 14 ലക്കം 2
ഫെബ്രുവരി 2025

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ജയിക്കുന്ന സഭ...** **4**
ജോയ് എം. തോമസ്

**തിരിച്ചറിവുകളുടെ വളർച്ച** **7**
സാജു മാത്യു

**യേശുക്രിസ്തുവിന്റെ പൗരോഹിത്യം** **9**
ചെയ്സ് ജോസഫ്

**ആരാധനയ്ക്കും മഹത്വത്തിനും യോഗ്യൻ** **11**
ജോർജ് മാത്യു, പുതുപ്പള്ളി

**എന്തുകൊണ്ട് കുടുംബത്തകർച്ച...?** **13**
ബില്ലിഗ്രഹാം

**കൗൺസലിംഗ് വീഥി** **16**
ഡോ. സജികുമാർ കെ. പി.

**കാര്യസ്ഥർ അവിശ്വസ്തരായാൽ...** **18**
ഡേവിഡ് വിൽക്കേഴ്സൺ

**ദു:ഖിതരെങ്കിലും ഭാഗ്യവാന്മാർ** **22**
മനു എം.എം

**വനിതാ വീഥി** **24**
സുജ വിനു

**വേദ അധ്യയനം** **26**
ജോയ് എം. തോമസ്

**സമാപ്തിക്കുറിപ്പ്** **31**
എംസി



ജോയ് എം തോമസ്

# ജയിക്കുന്ന സഭ...

ഇന്ന് ലോകത്തിൽ ക്രിസ്ത്യാനികൾക്കിടയിൽ ധാരാളം സഭാവിഭാഗങ്ങൾ (Denominations) നിലനിൽക്കുന്നു എന്നത് വാസ്തവമാണ്. എന്നാൽ 'ക്രിസ്തുവിന്റെ ശരീരം' ആയിരിക്കുന്ന സഭ ഒന്നു മാത്രമേയുള്ളൂ. സഭയ്ക്ക് തലവൻ ക്രിസ്തു മാത്രമാണ്. 'ജയിക്കുവാൻ' വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് ക്രിസ്തുവിന്റെ സഭ. കർത്താവിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക: 'നീ പത്രോസ് ആകുന്നു: ഈ പാറമേൽ ഞാനെന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു' (മത്തായി 16:18).

പാതാളഗോപുരങ്ങൾ അഥവാ നരക കവാടങ്ങൾ സഭയെ ജയിക്കുകയില്ല. പ്രത്യുത, സഭ ജയിക്കും. സഭയെ പണിയുന്നത് ജയവീരനായ യേശുകർത്താവാണ്. സഭ പണിയപ്പെടുന്നത് ക്രിസ്തു എന്ന പാറമേലാണ്. പാറമേൽ അടിസ്ഥാനം ഇട്ടു വീട് പണിത ബുദ്ധിയുള്ള മനുഷ്യനെക്കുറിച്ച് കർത്താവ് പറഞ്ഞു: വൻമഴ പെയ്തു, വെള്ളം പൊങ്ങി, കാറ്റടിച്ചു, പക്ഷേ പാറമേൽ പണിത ആ വീട് വീണില്ല. കാറ്റിനെയും വെള്ളപ്പൊക്കത്തെയും എല്ലാം ആ വീട് അതിജീവിച്ചു. കാരണം അടിസ്ഥാനം പാറമേലായിരുന്നു. സഭയുടെ അടിസ്ഥാനം മാറ്റമില്ലാത്ത, 'യുഗങ്ങളുടെ പാറയായ' ക്രിസ്തുവിലാകയാൽ സഭ ജയിക്കും. പാതാള ഗോപുരങ്ങൾ ഉയർത്തുന്ന എല്ലാ വെല്ലുവിളികളെയും സഭ ജയിക്കും.

'ജയിക്കുന്നവരുടെ' കൂട്ടമാണ് സഭ! ജയിക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഭാഗമായിരിക്കുവാൻ കഴിയുകയുള്ളൂ. സഭയുടെ നാഥനായ കർത്താവ് തന്റെ ദാസനായ യോഹന്നാന് മേലാൽ സംഭവിക്കുവാനുള്ള കാര്യങ്ങളെക്കുറിച്ച് വെളിപ്പാട് കൊടുക്കുമ്പോൾ സഭയ്ക്ക് ജയിക്കാനുള്ള ആഹ്വാനം കൊടുത്തിരിക്കുന്നു. ഏഴ് സഭകൾക്കും ഉള്ള ദൂതിന്റെ അവസാനം രേഖപ്പെടുത്തിയിരിക്കുന്നത് 'ജയിക്കുന്നവന്'എന്ന ഒരു പ്രയോഗമാണ്. (വെളിപ്പാട് 2 :7, 11, 17, 26. 3: 5, 12, 21). 'ജയിക്കുന്നവന്' എന്ന പ്രയോഗം ഓരോരുത്തരിലേക്കും വ്യക്തിപരമായി വിരൽ ചൂണ്ടുന്നു. നാം ഓരോരുത്തരും ജയിക്കുവാൻ വിളിക്കപ്പെട്ടവരാണ്. നാം ജയിക്കുമ്പോൾ സഭ ജയിക്കുന്നു.

'ജയിക്കുന്നവൻ' എന്ന പ്രയോഗം അതിന്റെ മറുവശം കൂടി നമുക്ക് മനസ്സിലാക്കിത്തരുന്നു. അ തായത് തോൽക്കുന്നവരെ കുറിച്ചുള്ള സൂചന. നാം ഏത് സഭാവിഭാഗത്തിൽ ആണെങ്കിലും വി ശ്വാസികൾ അഥവാ ക്രിസ്ത്യാനികൾ എന്ന പേരി ലറിയപ്പെടുന്നു. നാം എല്ലാവരും കാണപ്പെടുന്ന ഒരു സഭയുടെ ഭാഗമാണ്. ആ സഭ നമ്മുടെ ജീ വിതത്തിന്റെ ഭാഗമാണ്. ആ സഭയുമായുള്ള ബ ന്ധമോ, സഭാ പ്രവർത്തനങ്ങളിൽ ഉള്ള ഉത്സാ ഹമോ നമ്മുടെ പങ്കാളിത്തമോ ഒന്നും ക്രിസ്തു വിന്റെ യഥാർത്ഥ സഭയുമായി ബന്ധപ്പെടുന്നതാ കണം എന്ന് നിർബന്ധമില്ല. ക്രിസ്തുവുമായുള്ള നമ്മുടെ ആത്മബന്ധവും ക്രിസ്തുവിനോടുള്ള അനുസരണവും ആണ് അവിടുത്തെ സഭയിൽ പ ങ്കാളിത്തം ഉള്ളവരായി നമ്മെ പ്രയോജനപ്പെടു ത്തുന്നത്.

'ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ' എന്ന് അരുളി ച്ചെയ്തിരിക്കുന്ന വചനം നാം വളരെ ഗൗര വത്തോടെ മനസ്സിലാക്കണം. കാണപ്പെടുന്ന സഭ കളോട്, അതിൽ അംഗങ്ങളായിരിക്കുന്ന നമ്മോട് ഓരോരുത്തരോടും സംസാരിക്കുന്ന വചനം ആ ണ് ഇത്. കേട്ട് ഗ്രഹിക്കുവാനും അനുസരിക്കു വാനും ചെവിയുള്ളവരായിരിക്കണം നാം. ജയിക്കു വാൻ വിളിക്കപ്പെട്ടവർ ആണെന്നുള്ള സത്യം ഉൾക്കൊണ്ടു നാം ഉണരണം. കേട്ട് ഗ്രഹിക്കാത്ത വർ പരാജിതരാകും. പരാജയപ്പെടുന്നവർ ക്രി സ്തുവിന്റെ യഥാർത്ഥ സഭയാകുന്ന, തന്റെ ശരീ രമായ അദൃശ്യസഭയുടെ ഭാഗം ആയിരിക്കുക യില്ല.

'ജയിക്കുന്നവരുടെ' കൂട്ടമായ അഥവാ അദൃ ശ്യസഭയായ ക്രിസ്തുവിന്റെ മണവാട്ടി മാത്രമാണ് തന്റെ വരവിൽ മദ്ധ്യാകാശത്തിലേയ്ക്ക് എടുത്തു കൊള്ളപ്പെടുന്നത്. അപ്രകാരമുള്ള സഭ, കറ, ചു ളുക്കം മുതലായത് ഒന്നുമില്ലാതെ ശുദ്ധയും നി ഷ്കളങ്കയും ആയിരിക്കുന്ന ഒന്നാണ്. കർത്താവ് തന്നെത്തന്നെ ക്രൂശിൽ യാഗമായി അർപ്പിച്ചത് ശു ദ്ധയും നിഷ്ക്കളങ്കയുമായ ഒരു സഭ, അഥവാ ജ യിക്കുന്ന സഭയെ സ്വന്തം ആക്കുവാനാണ്. പൗലോസിലൂടെ പരിശുദ്ധാത്മാവ് ഇങ്ങനെ കു റിക്കുന്നു: 'അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീക രിക്കേണ്ടതിനും, കറ, ചുളുക്കം, മുതലായത് ഒ ന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയും ആയി തനിക്ക് തന്നെ തേജസ്സോടെ മുൻ നിർത്തേണ്ടതിനും, തന്നെത്താൻ അവൾ ക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു' (എഫേസ്യർ 5:26,27).

പരാജിതരാകുന്നവർ കൈവിടപ്പെടും. കർത്താ വ് തന്റെ വരവിനോട് ബന്ധപ്പെടുത്തി പറഞ്ഞി രിക്കുന്ന ഉപമകളിലെല്ലാം ഈ സന്ദേശം വ്യക്ത മായി നമുക്ക് നൽകിയിട്ടുണ്ട്. കർത്താവിന്റെ വാ ക്കുകൾ ശ്രദ്ധിക്കുക: 'അന്ന് രണ്ടുപേർ വയലിലി രിക്കും, ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും, രണ്ടുപേർ ഒരു തിരികല്ലിൽ പൊടി ച്ചു കൊണ്ടിരിക്കും, ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും (മത്തായി 24: 40, 41). ഒരേ സാഹചര്യത്തിൽ ജീവിക്കുന്നവരും ഒന്നിച്ച് പ്ര വർത്തിക്കുന്നവരുമെങ്കിലും ഒരാൾ എടുക്കപ്പെടു ന്നു, മറ്റെയാൾ കൈവിടപ്പെടുന്നു. അതുകൊണ്ട് അവിടുത്തെ വരവിനായി ഉണർന്നിരിക്കുവാൻ കർ ത്താവ് നമ്മെ പ്രബോധിപ്പിക്കുന്നു. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ജാഗ്രത, ഹൃദയത്തിൽ ന ഷ്ടമായാൽ അത് അപകടമാണ്. ജാഗ്രതക്കുറവ് പരാജയത്തിൽ കലാശിക്കും.

വീട്ടുകാർക്ക് (വീട്ടുജോലി ചെയ്യുന്നവർക്ക്) തത്സമയത്ത് ഭക്ഷണം കൊടുക്കുവാൻ അവരുടെ ഉത്തരവാദിത്വം ഏൽപ്പിച്ച വ്യക്തി വിശ്വസ്തനും ബുദ്ധിമാനും ആണോ എന്നു പരിശോധിക്കുവാൻ യജമാനൻ ചെയ്ത കാര്യം കർത്താവ് ഉപമയാ യി പറഞ്ഞു. (എന്നാൽ യജമാനൻ തന്റെ വീട്ടു കാർക്ക് തത്സമയത്ത് ഭക്ഷണം കൊടുക്കേണ്ട തിന് അവരുടെ മേലാക്കിവെച്ച വിശ്വസ്തനും ബു ദ്ധിമാനും ആയ ദാസൻ ആര്? യജമാനൻ വ രുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സക ലത്തിനും യജമാനനാക്കി വയ്ക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. എന്നാൽ അ വൻ ദുഷ്ടദാസനായി യജമാനൻ വരുവാൻ താമ സിക്കുന്നു എന്നു ഹൃദയം കൊണ്ട് പറഞ്ഞ് കൂ ട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടു കൂടി തിന്നു കുടിപ്പാനും തുടങ്ങിയാൽ, ആ ദാസൻ നി നച്ചിരിക്കാത്ത നാളിലും അറിയാത്ത നാഴികയി ലും, യജമാനൻ വന്ന് അവനെ ദണ്ഡിപ്പിച്ച് അ വന് കപടഭക്തിക്കാരോടു കൂടെ പങ്ക് കൽപ്പിക്കും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്തായി 24 :46 - 51). യജമാനനാഗ്രഹിച്ചത് വി ശ്വസ്തനും ബുദ്ധിമാനുമായ, പരീക്ഷയിൽ ജയി ക്കുന്ന ദാസനെ ആയിരുന്നു. വിശ്വസ്തത ജീവി തത്തിൽ തെളിയിക്കുന്നവൻ ബുദ്ധിമാൻ!

വിശ്വസ്തത തെളിയിക്കാനുള്ള പരീക്ഷകൾ നമ്മുടെ ജീവിതത്തിലും യജമാനനനുവദിക്കും. പരാജിതരായാൽ അവരെ തള്ളിക്കളയും. അവരുടെ പങ്ക് കപടഭക്തിക്കാരോടുകൂടെ ആയിരിക്കും എന്ന് കർത്താവ് വ്യക്തമാക്കിയിരിക്കുന്നു.

നമുക്ക് ഏറ്റവും സുപരിചിതമായ ഉപമയാണ് 10 കന്യകമാരുടേത്. 10 പേരിൽ 5 പേർ മാത്രമേ മണവാളൻ വന്നപ്പോൾ ഒരുങ്ങിയിരുന്നുള്ളൂ. അഞ്ചുപേർ ബുദ്ധി ഇല്ലാത്തവരായി പരാജയപ്പെട്ടു. അവരും തെരഞ്ഞെടുക്കപ്പെട്ടവരും ഒരുങ്ങിയിരുന്നവർ എന്ന് ചിന്തിച്ചവരും ആയിരുന്നു. ജാഗ്രതാക്കുറവ് പരാജയകാരണമായി. രക്ഷിക്കപ്പെട്ടവർ എന്ന ചിന്തയിൽ കർത്താവ് വരും എന്ന് അറിഞ്ഞിട്ടും ഉദാസീനതയോടെ ആത്മീയജീവിതം നയിക്കുന്നവർ ഭോഷന്മാരാണ് എന്നത് ഈ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ വാക്കുകൾ കുറിക്കൊള്ളുക: 'ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ (മത്തായി 25 :13).

എബ്രായ ലേഖനത്തിൽ ഗ്രന്ഥകാരൻ വിശ്വാസികളെ അവരുടെ പൂർവ്വകാലം ഓർമ്മിപ്പിക്കുന്നു. എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ചശേഷം നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി ഭവിച്ചും, ആ വക അനുഭവിക്കുന്നവർക്ക് കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊള്ളുവിൻ (എബ്രായർ 10:32-34). അവരുടെ പൂർവ്വകാലം വളരെ അഭിമാനകരമാണ്. ക്രിസ്തുവിനോടുള്ള തികഞ്ഞ സ്നേഹത്തിൽ പൂർണ്ണ സമർപ്പിതരായി ജീവിച്ച പൂർവ്വ കാലം! എന്നാൽ ഇപ്പോൾ ആ അവസ്ഥയ്ക്ക് മാന്ദ്യം സംഭവിച്ചു. എബ്രായ ലേഖകൻ അവരെ പ്രബോധിപ്പിച്ചു: അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിക്കാൻ ഇനി സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാനുള്ളവൻ വരും, താമസിക്കുകയും ഇല്ല. എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും. പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല (എബ്രായർ 10: 35 - 38). പിന്മാറുന്നവർ നാശത്തിലേക്ക് ആണ് പോകുന്നത്. പിന്മാറ്റം മഹാഭോഷത്വം ആണ്. വിശ്വസിച്ചു നിലനിൽക്കുന്നവർ മാത്രമാണ് രക്ഷ പ്രാപിക്കുന്നത്. നാമോ നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു(എബ്രായർ 10 : 39).

**ഇന്ന് ഭൂമിയിൽ കാണപ്പെടുന്ന സഭയിലെല്ലാവരും ഉണ്ട്. വിജയികളും പരാജിതരും... ജീവിത വിശുദ്ധിക്കു മുൻഗണന കൊടുക്കുന്നവരും, ജീവിതത്തിൽ പലപ്പോഴും പലതിനോടും സന്ധി ചെയ്യുന്നവരും... ദൈവത്തെ ആഴമായി സ്നേഹിക്കുന്നവരും ലോകസ്നേഹത്തിലേക്കു വഴുതിവീണവരും...**

വരുവാനുള്ളവൻ വരും. നമ്മുടെ കർത്താവ് വാഗ്ദത്തം നിവർത്തിക്കുവാൻ താമസിക്കുന്നില്ല. 'ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ' (2 പത്രോസ് 3:9). ആരും നശിക്കരുത് എന്ന് കർത്താവ് ആഗ്രഹിക്കുന്നു. എല്ലാവരും മാനസാന്തരപ്പെടണം, കർത്താവിന്റെ വരവിനായി ഒരുങ്ങണം. പിന്മാറ്റക്കാരായി പരാജയപ്പെടുവാനല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. നാം വിശ്വാസത്തിൽ അന്ത്യം വരെ നിലനിന്ന് വിജയികളാകണം എന്നാണ്. കാരണം 'സഭ' വിജയികളുടെ മാത്രം കൂട്ടമാണ്, ഇന്ന് ഭൂമിയിൽ കാണപ്പെടുന്ന സഭയിലെല്ലാവരും ഉണ്ട്. വിജയികളും പരാജിതരും... ജീവിതവിശുദ്ധിക്കു മുൻഗണന കൊടുക്കുന്നവരും ജീവിതത്തിൽ പലപ്പോഴും പലതിനോടും സന്ധി ചെയ്യുന്നവരും... ദൈവത്തെ ആഴമായി സ്നേഹിക്കുന്നവരും ലോകസ്നേഹത്തിലേക്ക് വഴുതി വീണവരും... ക്രിസ്തുവിനോടുള്ള ഏകാഗ്രത കാത്തുസൂക്ഷിച്ച് സത്യസുവിശേഷത്തിൽ നിലനിൽക്കുന്നവരും, മറ്റൊരു സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രിസ്തുവിനോടുള്ള നിർമ്മലതയും ഏകാഗ്രതയും വിട്ടുപോയവരും. പക്ഷേ കർത്താവ് വരുമ്പോൾ എടുത്തു കൊള്ളപ്പെടുന്നത് 'വിജയിച്ചവരുടെ സഭ' മാത്രം! ജയിക്കുന്നവർക്ക് മാത്രമുള്ള അവകാശമായിരിക്കും ക്രിസ്തു! •



സാജു മാത്യു

# തിരിച്ചറിവുകളുടെ വളർച്ച

ഗന്നസരേത്ത് തടാകത്തിൽ അന്നുനടന്ന ഏറ്റവുംവലിയ അത്ഭുതമെന്ത് എന്നു ചോദിച്ചാൽ നിങ്ങൾ എന്തു പറയും? മീനിന്റെ പൊടിപോലും ഇല്ലാതിരുന്ന സ്ഥാനത്തു രണ്ടു പടകു നിറയെ മീൻ കൊടുത്തുകൊണ്ട് യേശുചെയ്ത അത്ഭുതമോ? അതിലും വലിയൊരു അത്ഭുതം നടന്നുവെന്നു ഞാൻ പറയട്ടെ. അതു മറ്റൊന്നുമല്ല, രണ്ടു പടകു നിറയെ മീൻ കൈവശമുണ്ടായിരുന്ന ആ മുക്കുവർ അതൊന്നു തിരിഞ്ഞുപോലും നോക്കാതെ, സകലതും വിട്ട് മറ്റുള്ളവരുടെ ദൃഷ്ടിയിൽ ശൂന്യമായ ഭാവിയിലേക്കു എന്നപോലെ യേശുവിന്റെ പിന്നാലെ നടന്നു നീങ്ങിയതാണ്. പിന്നെ അവർ പടകുകളെ കരയ്ക്ക് അടുപ്പിച്ച് സകലവും വിട്ട് അവനെ അനുഗമിച്ചു (ലൂക്കൊസ് 5:11).

യോനാഥാൻ എഡ്‌വേർഡ് വലിയ കോലാഹലമുണ്ടാക്കി പ്രസംഗിക്കുന്ന ആളല്ലായിരുന്നു. ശരിക്കും പറഞ്ഞാൽ അദ്ദേഹം പ്രസംഗം എഴുതി വായിക്കുകയായിരുന്നു. വസൂരി ബാധിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ മുഖം അത്രയൊന്നും സുന്ദരമല്ലായിരുന്നു. കണ്ണുകൾക്കു കാഴ്ച കുറവായിരുന്നതിനാൽ കട്ടിയുള്ള കണ്ണട വേണ്ടിയിരുന്നു. സ്റ്റേജുകളിൽ ഓടിച്ചാടി അലറിക്കൂവി പ്രസംഗിക്കുന്ന ഇക്കാലത്തെ ഉണർവു പ്രസംഗകരെ കണ്ടിട്ട്, സ്റ്റേജിൽ അനങ്ങാതെ നിന്നു പ്രസംഗമെഴുതിയ കടലാസ്സു മുഖത്തോടടുപ്പിച്ചു പിടിച്ചു വായിക്കുന്ന പ്രസംഗകന്റെ പ്രസംഗത്തിൽ ഉണർവുണ്ടാകുമെന്നു വിശ്വസിക്കുവാൻ കഴിയുമോ?

പിന്നെയുമുണ്ടു പ്രശ്നങ്ങൾ. യോനാഥാൻ എഡ്‌വേർഡ് അധികമൊന്നും പ്രസംഗിച്ചിരുന്നില്ല. പ്രസംഗം ആവർത്തിക്കുന്നതിനു അദ്ദേഹത്തിനു മടിയില്ലായിരുന്നു. 1741 ജൂലൈ എട്ടിനു അദ്ദേഹം പ്രസംഗിച്ചു.''തീക്ഷ്ണതയുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്ന പാപിയുടെ അവസ്ഥ'' എന്ന ആ പ്രസംഗം അദ്ദേഹം 5,000 (അയ്യായിരം) സ്റ്റേജുകളിൽ പ്രസംഗിച്ചുവത്രേ...18-ാം നൂറ്റാണ്ടിന്റെ ഒന്നാം വലിയ ഉണർവിന്റെ (The first great awakening) നായകരിലൊരാളായിരുന്ന യോനാഥാന്റെ ആ പ്രസംഗം കേട്ട് പതിനായിരക്കണക്കിനാളുകൾ പാപബോധത്തിൽ അലറിക്കരയുകയും അനുതപിച്ചു വീണ്ടുംജനനം പ്രാപിക്കുകയും ചെയ്തു. ഖനിത്തൊഴിലാളികളായിരുന്നു അദ്ദേഹത്തിന്റെ ശ്രോതാക്കളിലധികവും!

സുവിശേഷയോഗങ്ങളിൽ അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നതു നല്ലതു തന്നെ. എന്നാൽ, അതെല്ലാം അനുതാപത്തിലേക്കു നയിക്കുന്നില്ലെങ്കിൽ ഒരു പ്രയോജനവുമുണ്ടാകില്ല. നമ്മുടെ വേദഭാഗത്തു (ലൂക്കോസ് 5:1 - 11) പത്രോസിന്റെ ജീവിതത്തിൽ വലിയൊരു അത്ഭുതം നടക്കുന്നു. ഒരു രാത്രി മുഴുവൻ കഠിനപ്രയത്നം

നടത്തിയിട്ടും ഒരു ചെറുമീനിനെപ്പോലുംകിട്ടാതിരുന്ന സ്ഥലത്ത് യേശുവിന്റെ വാക്കിനു വലയിറക്കിയപ്പോൾ രണ്ടു പടകു മുങ്ങുമാറാകുവോളം നിറച്ചിട്ടും തീരാത്ത മീൻ! എന്താണു സ്വാഭാവികമായും നടക്കേണ്ടത്? നാം ചിന്തിക്കുന്നതനുസരിച്ചാണെങ്കിൽ, പത്രോസ് ഓടിച്ചെന്നു പറയണം.. യേശുവേ, സമ്മതിച്ചു... നീ ദൈവം തന്നെ. ഇത്രയും മീൻ ഒരുമിച്ച് ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ഇങ്ങനെയാണെങ്കിൽ ഇനി നീ എന്നും എന്റെ കൂട്ടത്തിൽ തന്നെ വേണം... എന്നും മീൻ കിട്ടുമല്ലോ.

എന്നാൽ ശീമോൻ പത്രോസ് അങ്ങനെയാണോ പറയുന്നത്? "ശീമോൻ പത്രോസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആക കൊണ്ടു എന്നെ വിട്ടുപോകേണമേ എന്നു പറഞ്ഞു" (ലൂക്കോസ് 5:8). എന്റെ കൂടെ താമസിക്കണമെന്നല്ല, എന്നെ വിട്ടുപോകേണമേ എന്നാണു പത്രോസ് അത്ഭുതം കഴിഞ്ഞപ്പോൾ പറയുന്നത്. കാരണമെന്ത്? 'ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട്!' ഇതാണ് അനുതാപം! ഇവിടെ പത്രൊസിനുണ്ടാകുന്ന ദർശനത്തിൽ (Theophany) കൃത്യതയുള്ള രണ്ടു തിരിച്ചറിവുകൾ അവനുണ്ടാകുന്നു. ഒന്ന്, 'യേശു ആരാണ്' എന്നുള്ള വ്യക്തമായ തിരിച്ചറിവ്; രണ്ട്, 'താനാരാണെന്ന' വ്യക്തമായ തിരിച്ചറിവ്! യേശുവിന്റെ പിന്നാലെ പോകുന്ന ഒരു വ്യക്തിയെ ആ അനുഗമനത്തിലേക്കു നയിക്കുന്ന പടവുകൾ, യേശുവിനെക്കുറിച്ചുള്ള അവന്റെ തിരിച്ചറിവുകളുടെ (realisation) വളർച്ചയെ ആശ്രയിച്ചാണിരിക്കുന്നത്. തിരിച്ചറിവുകൾ യേശുവിനോടുള്ള അയാളുടെ മനോഭാവത്തെ (attitude) മാറ്റിമറിക്കുന്നു. മനോഭാവം മാറുന്നതനുസരിച്ച് ബന്ധവും (relation) പക്വമായി (mature)ത്തീരുന്നു.

പത്രോസ് യേശുവിനെ കാണുന്നത്, തന്റെ പടകിൽ ഒന്നു കയറിനിൽക്കാൻ അപേക്ഷിക്കുന്ന വ്യക്തിയായാണ്-തന്റെ സഹായം ആവശ്യപ്പെട്ടു വരുന്ന വ്യക്തി! എന്നാൽ പടകിൽ നിന്നുകൊണ്ടുള്ള യേശുവിന്റെ പ്രസംഗം പത്രോസിനെയും സ്വാധീനിച്ചിട്ടുണ്ട്! ആളുകൾ പിരിഞ്ഞുപോയിട്ടും യേശു മടങ്ങിപ്പോകാതെ അവന്റെ ഇല്ലായ്മകൾ തിരിച്ചറിഞ്ഞു നിന്നപ്പോൾ പത്രോസ് യേശുവിൽ ആർദ്രതയുടെ ഒരു മുഖം കണ്ടു. വലിയ മീൻ പിടുത്തം അവനിൽ വലിയ ആഹ്ലാദമുണ്ടാക്കിയെന്നതു നേര്; എന്നാൽ, അത് അവനിൽ "സംഭ്രമ"വുമുണ്ടാക്കി (ലൂക്കോസ് 5:9). യേശു സാധാരണക്കാരനല്ലെന്നും താൻ ദൈവമാണെന്നും അവൻ മനസ്സിലാക്കി. ഇതാണു തിരിച്ചറിവുകളുടെ വളർച്ച.

ഒരു ഏഴയെപ്പോലെ തന്റെ സഹായമാവശ്യപ്പെട്ടു വന്ന യേശു, ദൈവമാണെന്നുള്ള തിരിച്ചറിവാണു പത്രോസിന്റെ ജീവിതത്തെ മാറ്റിമറിച്ചത്. ആദ്യം അവൻ യേശുവിനെ വിളിക്കുന്നത്. "നാഥാ" (ലൂക്കോസ് 5:5) എന്നാണ്. ശരിക്കും അവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് "ഗുരു" (Epistata) എന്നാണ് "ഉപദേശി" എന്നു വിളിക്കുന്നതുപോലെ ഒരു ലഘുവായ വാക്കാണ് Epistata. എന്നാൽ, ഇപ്പോൾ അവൻ യേശുവിനെ വിളിക്കുന്നത് 'റബ്ബി' എന്നുപോലുമല്ല; കർത്താവേ എന്നാണ്. തന്നെയല്ല, അവനിപ്പോൾ കർത്താവിന്റെ പാദത്തിങ്കൽ മുട്ടിന്മേൽ വീണുകിടക്കുകയാണ്. ശരിയായ ആരാധന ഇതുതന്നെ.

എന്താണു പത്രോസിന്റെ പ്രാർഥന? "മീൻ തന്ന കർത്താവേ, എനിക്കൊരു വീടുടെ തരണേ" എന്നാണോ? അവനിപ്പോൾ മീനും വീടുമെല്ലാം മറന്നു. ദൈവത്തെ കാണുന്നതു നല്ലകാര്യം; എന്നാൽ, ദൈവത്തെ എങ്ങനെ കാണുന്നുവെന്നതും പ്രധാനമാണ്. ഇപ്പോൾ പത്രോസ് യേശുവിനെ കാണുന്നത്, തന്നെ കാണുന്ന തന്റെ പാപങ്ങളെയെല്ലാം കാണുന്ന അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ളവനെന്നവിധമാണ്!

ഒരു പാപി ദൈവത്തെ കാണുന്നത് അങ്ങനെ തന്നെയായിരിക്കണം. ആർദ്രതയുള്ള, മനസ്സലിവുള്ള ദൈവത്തെ കാണുന്നതിനു മുമ്പു പാപി, വിശുദ്ധനായ ദൈവത്തെ കണ്ടിരിക്കണം. യെശയ്യാവ് 6-ാം അധ്യായം വിവരിച്ചുകൊണ്ട്. R.C. Sproul പറഞ്ഞത് ഇങ്ങനെയാണ്. വേദപുസ്തകം പറയുന്നു, "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ!" അവൻ "പരിശുദ്ധൻ"എന്നു മാത്രമല്ല, "പരിശുദ്ധൻ, പരിശുദ്ധൻ" എന്നുമല്ല "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ!" ദൈവം 'സ്നേഹമാണ് സ്നേഹമാണ് സ്നേഹമാണ് 'എന്നോ, 'കരുണയാണ് കരുണയാണ് കരുണയാണ്' എന്നോ, 'ക്രോധമാണ് ക്രോധമാണ് ക്രോധമാണ് എന്നോ, 'നീതിയാണ് നീതിയാണ് നീതിയാണ്' എന്നോ അല്ല; ദൈവം ''പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ"എന്നാണു ബൈബിൾ പറഞ്ഞിരിക്കുന്നത്. ബൈബിൾ ഏറ്റവും ശക്തീകരണം കൊടുത്തിരി

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# യേശുക്രിസ്തുവിന്റെ പൗരോഹിത്യം

(എബ്രായ ലേഖനം 7:7 മുതൽ)

മൽക്കിസേദെക്കിന്റെ മഹത്വത്തെക്കുറിച്ച് ഇവിടെ ലേഖന കർത്താവ് തുടർന്നും വിശദീകരിച്ചു കൊണ്ടിരിക്കുന്നു. അബ്രഹാം എന്ന ഗോത്ര പിതാവിനെക്കാളും എത്രയോ വലിയവനാണ് മൽക്കിസേദെക്ക് എന്ന് ഈ വാക്യങ്ങൾ മനസ്സിലാക്കിത്തരുന്നു. ലേവ്യപൗരോഹിത്യപ്രകാരം ലേവിയുടെ പുത്രന്മാരായ പുരോഹിതന്മാർക്ക് ജനത്തിൽ നിന്ന് ദശാംശം വാങ്ങുന്നതിന് അധികാരമുണ്ട്. ആ ദശാംശം നൽകുന്നത് അബ്രഹാമിന്റെ മക്കൾ തന്നെയാണ്. അപ്പോൾ അബ്രഹാമിന്റെ സന്തതികളായ ലേവിയുടെ മക്കൾക്ക് ദശാംശം വാങ്ങുവാൻ കഴിയുന്നത് അബ്രഹാം പിതാവിന്റെ സന്തതികളിൽ നിന്നു തന്നെയാണ്. എന്നാൽ ഇവിടെ അബ്രഹാമിൽ നിന്ന് ഉത്ഭവിക്കാത്ത ഒരാൾ അബ്രഹാമിൽ നിന്ന് ദശാംശം വാങ്ങുന്നു എന്നതിനാൽ അബ്രഹാമിനെക്കാളും ഉയർന്നവനാണ് ദശാംശം വാങ്ങുന്ന ആൾ എന്ന് നമുക്ക് മനസ്സിലാക്കാം. ഉയർന്നവൻ താണവനെ ദശാംശം വാങ്ങി അനുഗ്രഹിക്കുന്നു എന്ന രീതി പരിഗണിച്ചാൽ മൽക്കിസേദെക്ക് അബ്രഹാമിനെക്കാളും ഉയർന്നവൻ എന്ന് തെളിയുന്നു (എബ്രായർ 7:6,7).യേശുക്രിസ്തുവിനെ മൽക്കിസേദെക്കുമായി ബന്ധിപ്പിക്കുന്ന ഒരു താരതമ്യം കൂടെ നമുക്ക് എബ്രായർ 7:3 ൽ കാണാം.

ലേവ്യപൗരോഹിത്യം അനുസരിച്ച് ദശാംശം വാങ്ങുന്നവരും കൊടുക്കുന്നവരും മരിക്കുന്നവരാണ്. അതുകൊണ്ടുതന്നെ നിത്യമായ അനുഗ്രഹങ്ങൾ നൽകുവാൻ കഴിവുള്ളവരല്ല. എന്നാൽ ഇവിടെ ജീവൻ പ്രാപിച്ചവൻ എന്ന സാക്ഷ്യം ലഭിച്ച പുരോഹിതനെ നാം കാണുന്നു. എന്നേക്കും ജീവിക്കുന്നവൻ എന്ന സാക്ഷ്യം ലഭിച്ച ആൾ ആരാണ്? അത് യേശുക്രിസ്തു അല്ലാതെ വേറെ ആരുമല്ല.

ഇനി മൽക്കിസേദെക്കിനെക്കുറിച്ച് പറഞ്ഞിട്ടുള്ള ചില വിശേഷണങ്ങൾ ശ്രദ്ധിക്കുക. അത് ഏറ്റവും കൂടുതൽ യോജിക്കുന്നത് യേശുക്രിസ്തുവിനു തന്നെയാണ്. എന്തൊക്കെയാണ് ആ വിശേഷണങ്ങൾ? നീതിയുടെ രാജാവ്, സമാധാനത്തിന്റെ രാജാവ്, ജീവാരംഭവും ജീവാവസാനവും ഇല്ലാത്ത ആൾ, മാനുഷികമായ ഒരു വംശാവലിയിലും ഉൾപ്പെടാത്ത ആൾ, ജീവൻ പ്രാപിച്ചിരിക്കുന്നു എന്ന് സാക്ഷ്യം ലഭിച്ച ആൾ എന്നിവയാണ് ആ വിശേഷണങ്ങൾ. ഇതിൽ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റവനായി ജീവിച്ചിരിക്കുന്നു എന്ന് സാക്ഷ്യം ലഭിച്ചത് യേശുക്രിസ്തുവിനല്ലാതെ വേറെ ആർക്കും അല്ല എന്ന് വളരെ വ്യക്തമാണല്ലോ. അതുകൊണ്ട് മൽക്കിസേദെക്ക് യേശുക്രിസ്തുവിന്റെ തന്നെ ഒരു പഴയനിയമ നിഴലായി, അല്ലെങ്കിൽ കുറച്ചുകൂടെ വ്യക്തമായി പറഞ്ഞാൽ ഒരു പഴയനിയമ വെളിപ്പെടുത്തലായി എബ്രായലേഖന കർത്താവ് വിശ്വസിക്കുന്നു എന്ന് വേണം മനസ്സിലാക്കാൻ.

ലേവ്യപൗരോഹിത്യത്തിന്റെ അടിസ്ഥാനത്തിലാണ് യിസ്രായേൽ മക്കൾ അവരുടെ മതവും വിശ്വാസവും പണിതുയർത്തിയിരുന്നത്. എന്നാൽ ഇവിടെ നാം കാണുന്നത് ലേവിയെക്കാളും വലിയവനായ, ലേവിയുടെ പിതാമഹനിൽ നിന്ന് ദശാംശം വാങ്ങിച്ച് ആ തലമുറയെ അനുഗ്രഹിച്ച, ആരംഭവും അവസാനവും ഇല്ലാത്ത ദൈവപുത്രന് തുല്യനായ മഹാപുരോഹിതനെയാണ്. അതുകൊണ്ട് ഈ പുതിയ പൗരോഹിത്യം യേശുക്രിസ്തു സ്ഥാപിക്കുമ്പോൾ അതിന്റെ നിഴൽ

പഴയനിയമത്തിൽ തന്നെ ഉണ്ട് എന്നും അത് അപ്പോൾ നിലവിലുള്ള ലേവ്യപൗരോഹിത്യത്തേക്കാൾ ഉന്നതവും ശ്രേഷ്ഠവും ദൈവീകവുമാണ് എന്നും ഇതിനാൽ സ്ഥാപിക്കപ്പെടുന്നു.

**എന്താണ് ഈ താരതമ്യത്തിന്റെ പ്രസക്തി?**

പഴയ നിയമ പൗരോഹിത്യത്താൽ ഒരിക്കലും ആർക്കും സൽഗുണപൂർത്തി വന്നിട്ടില്ല എന്ന് എബ്രായ ലേഖനത്തിൽ (10:1) മാത്രമല്ല റോമാലേഖനത്തിലും(4:2) മറ്റ് ലേഖനങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. കാരണം ദൈവത്തിന്റെ നീതി അല്ലെങ്കിൽ ആ നീതിയുടെ അനുസരണം ഒരിക്കലും മാനുഷികമായ ഒരു പൗരോഹിത്യത്താലോ മത കർമ്മങ്ങൾ വഴിയോ സാധിക്കുകയില്ല എന്നതാണ് പുതിയ ഒരു ഉടമ്പടിയെ അത്യാവശ്യം ആക്കുന്നത്. അതുകൊണ്ട് മനുഷ്യനെ രക്ഷിക്കുവാൻ അഹരോന്റെ ക്രമപ്രകാരമുള്ള ഒരു പുരോഹിതനെ അയയ്ക്കുന്നതിന് പകരം ദൈവം മൽക്കിസേദെക്കിന്റെ ക്രമപ്രകാരമുള്ള നിത്യനായ ഒരു പുരോഹിതനെ ആണ് അയച്ചത്. അഹരോന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യം കൊണ്ട് മതിയാകുമായിരുന്നുവെങ്കിൽ എന്തിനാണ് മൽക്കിസേദെക്കിന്റെ ക്രമപ്രകാരം ഒരു നിത്യപുരോഹിതനെ നമുക്കായി അയച്ചത്?

അതുകൊണ്ടുതന്നെ പഴയ നിയമ പൗരോഹിത്യം അപ്രസക്തമാണെന്നും അത് ഇപ്പോൾ കാലഹരണപ്പെട്ടിരിക്കുന്നു എന്നും ലേഖന കർത്താവ് സ്ഥാപിക്കുന്നു. എന്തൊക്കെയാണ് ഈ രണ്ടു പൗരോഹിത്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ?

**ഒന്നാമതായി** യേശുക്രിസ്തുവിന്റെ പൗരോഹിത്യം നിത്യമായതും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടാൻ സാധിക്കാത്തതുമാണ്.

**രണ്ടാമതായി** അഹരോന്റെ പൗരോഹിത്യത്തിലൂടെ ദൈവനീതിയുടെ പൂർത്തീകരണം സംഭവിക്കുന്നില്ല. എന്നാൽ യേശുക്രിസ്തുവിലൂടെ ദൈവനീതിയും ദൈവത്തോടുള്ള മനുഷ്യന്റെ സമാധാനവും സാധിച്ചിരിക്കുന്നു.

**മൂന്നാമതായി** ഒരു ഗോത്രത്തിൽ നിന്ന് ഉള്ള ആളുകൾക്ക് മാത്രമേ അഹരോന്റെ പൗരോഹിത്യം തുടർന്നു കൊണ്ടു പോകുവാൻ സാധിക്കുകയുള്ളൂ. അത് മാനുഷികമായ ജനന മരണങ്ങളാലുള്ള കൈമാറ്റത്തിലൂടെ ആണ് നിലനിൽക്കുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ പൗരോഹിത്യം ഒരിക്കലും നശിക്കാത്ത, ആർക്കും കൈമാറ്റം ചെയ്യപ്പെടാൻ ആവശ്യമില്ലാത്ത നിത്യമായ ജീവന്റെ അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്.

**...ആദ്യ ആചാര്യത്വം അഹരോനും മോശെയും കൂടെ ദൈവത്തിൽ നിന്ന് പ്രാപിക്കുകയും അത് സെഖര്യാവ് വരെ തുടരുകയും പിന്നീട് സെഖര്യാവിൽ നിന്ന് യോഹന്നാൻ വഴി യേശുക്രിസ്തുവിലേക്ക് എത്തിച്ചു എന്നുമാണ്.**

യേശുക്രിസ്തു വന്നത് ലേവിപുരോഹിത ഗോത്രത്തിൽ നിന്നല്ല, പിന്നെയോ പൗരോഹിത്യത്തെക്കുറിച്ച് കർത്താവ് ഒന്നും കൽപ്പിച്ചിട്ടില്ലാത്ത യഹൂദാഗോത്രത്തിൽ നിന്നാണ്. അതുകൊണ്ടുതന്നെ യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെടുന്ന ഈ പൗരോഹിത്യം പഴയതുമായി ബന്ധമുള്ളതോ അതിന്റെ തുടർച്ചയോ അല്ല.

ഇന്ന് ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുന്നത്, ആദ്യ ആചാര്യത്വം അഹരോനും മോശെയും കൂടെ ദൈവത്തിൽ നിന്ന് പ്രാപിക്കുകയും അത് സെഖര്യാവ് വരെ തുടരുകയും പിന്നീട് സെഖര്യാവിൽ നിന്ന് യോഹന്നാൻ വഴി യേശുക്രിസ്തുവിലേക്ക് എത്തിച്ചു എന്നുമാണ്. അങ്ങനെ പറയുമ്പോൾ പഴയ നിയമ ലേവ്യ പൗരോഹിത്യം ഇന്നത്തെ പുരോഹിത വൃന്ദത്തിലേക്ക് എത്തിക്കുവാൻ ഉള്ള ഒരു ഘടകമായി മാത്രമാണ് യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തെ കാണുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം. ഇത് വലിയ ഒരു ഉപദേശ പിശക് ആണെന്ന് എബ്രായലേഖനം വളരെ വ്യക്തമായി പറയുന്നു. യോഹന്നാൻ സ്നാപകന്റെ വേഷം പൗരോഹിത്യ വസ്ത്രമല്ലായിരുന്നു എന്നതിനാൽ താൻ പുരോഹിത ശുശ്രൂഷ ചെയ്തിട്ടില്ല എന്നതാണ് യാഥാർഥ്യം. യേശുക്രിസ്തുവിന്റെ പൗരോഹിത്യം അഹരോന്റെ ക്രമപ്രകാരം ഉള്ളതല്ല. പിന്നെയോ അത് ഉയരത്തിൽ നിന്ന് സ്ഥാപിക്കപ്പെട്ടതും ആണയോടു കൂടി ഉറപ്പിക്കപ്പെട്ടതും കൈമാറ്റം ചെയ്യാൻ കഴിയാത്തതും നിത്യ രക്ഷയ്ക്ക് ഉതകുന്നതുമാണ്.

എന്നാൽ യേശുക്രിസ്തുവിന്റെ നിത്യമായ പൗരോഹിത്യത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ ഇന്നത്തെ പൗരോഹിത്യം തന്നെ അപ്രസക്തമാകുന്നു. കാരണം യേശുക്രിസ്തുവിന്റെ പൗരോഹിത്യം കൈമാറ്റം ചെയ്യുവാൻ സാധിക്കുകയില്ല. അത് ജീവാരംഭമോ ജീവാവസാനമോ ഇല്ലാത്ത

ശേഷം പേജ് 21 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# ആരാധനയ്ക്കും മഹത്വത്തിനും യോഗ്യൻ

**അ**പ്പൊസ്തല പ്രമുഖനായ പത്രോസിനെ കണ്ടപ്പോൾ ആരാധനാ മനോഭാവത്തോടെ കൊർന്നല്യോസ് കാൽക്കൽ വീണു. പത്രോസ് കൊർന്നല്യോസിനെ പിടിച്ചെഴുന്നേല്പിച്ചു പറയുന്ന മറുപടി ഇപ്രകാരമാണ്: 'എഴുന്നേൽക്ക, ഞാനും ഒരു മനുഷ്യനത്രെ' (അപ്പൊസ്തലപ്രവൃത്തി 10:25). വെളിപ്പാട് പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന 'മേലാൽ സംഭവിപ്പാനുള്ള കാര്യങ്ങളെ' കാണിച്ചു കൊടുത്ത സ്വർഗീയ ദൂതന്റെ മുമ്പിൽ വീണ് അവനെ നമസ്കരിക്കുവാൻ തിടുക്കം കാട്ടിയ യോഹന്നാനെ ദൂതൻതന്നെ വിലക്കുന്നതായി കാണുന്നു (വെളിപ്പാട് 19:10). താൻ യേശുവിന്റെ സാക്ഷ്യമുള്ള സഹോദരന്മാരുടെ സഹഭൃത്യനാണെന്നും ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും ദൂതൻ പറയുന്നു. ഇതു കേട്ടിട്ടും വീണ്ടും യോഹന്നാൻ അബദ്ധം കാണിച്ചു. സ്വർഗീയ ദർശനങ്ങൾ തനിക്കു കാണിച്ചു തന്ന ദൂതന് ദൈവിക പരിവേഷം നൽകി വീണ്ടും കാൽക്കൽ വീണു നമസ്കരിക്കാൻ ഒരുങ്ങിയ യോഹന്നാനോട് ദൂതൻ പറയുന്ന മറുപടിയും ഇതിനു സമാനമായതാണ്: 'അരുത്, ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രെ. ദൈവത്തെ നമസ്കരിക്ക' (വെളിപ്പാട് 22:9).

സർവ്വശക്തനായ ദൈവം ഏറ്റവുമധികം വെറുക്കുന്ന ഒരു പാപമാണ് വിഗ്രഹാരാധന. വിശുദ്ധ ബൈബിൾ ആദിയോടന്തം പരിശോധിച്ചാൽ ഇക്കാര്യം സത്യമാണെന്നു നമുക്ക് ബോദ്ധ്യമാകും. ദൈവസൃഷ്ടിയുടെ മണിമകുടമായ മനുഷ്യന് ദൈവം കൊടുത്ത പത്ത് കല്പനകളിൽ ഒന്ന് വിഗ്രഹാരാധനയ്ക്ക് എതിരായ പ്രഖ്യാപനമായിരുന്നു. 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്. മീതെ സ്വർഗത്തിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്' (പുറപ്പാട് 20:3).

ആരാധനയ്ക്കും മഹത്വത്തിനും യോഗ്യൻ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവം മാത്രമാണെന്ന് വിശുദ്ധ ബൈബിൾ

**സർവ്വശക്തനായ ദൈവം ഏറ്റവുമധികം വെറുക്കുന്ന ഒരു പാപമാണ് വിഗ്രഹാരാധന. വിശുദ്ധ ബൈബിൾ ആദിയോടന്തം പരിശോധിച്ചാൽ ഇക്കാര്യം സത്യമാണെന്നു നമുക്ക് ബോദ്ധ്യമാകും. ദൈവസൃഷ്ടിയുടെ മണിമകുടമായ മനുഷ്യന് ദൈവം കൊടുത്ത പത്ത് കല്പനകളിൽ ഒന്ന് വിഗ്രഹാരാധനയ്ക്ക് എതിരായ പ്രഖ്യാപനമായിരുന്നു. 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.**

**ദൈവമല്ലാത്തതിനെ വണങ്ങുവാനുള്ള പ്രേരണ പൈശാചികമാകയാൽ വചനത്തിന്റെ ഉറച്ച നിലപാടിനാൽ ദൈവത്തെമാത്രം വണങ്ങുകയും ആരാധിക്കുകയും ചെയ്തുകൊണ്ട് യേശുവിന്റെ കാൽചുവടുകളെ പിൻപറ്റി പ്രലോഭനങ്ങളെ ജയിക്കണം**


അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. സങ്കീർത്തനക്കാരൻ ആഹ്വാനം ചെയ്യുന്നത് 'വരുവിൻ, നാം വണങ്ങി നമസ്കരിക്കുക, നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക' (സങ്കീർത്തനം 95:6) എന്നത്രെ. പിശാച് യേശുകർത്താവിനെ പരീക്ഷിക്കുന്ന വേളയിൽ ലോകത്തിന്റെ മഹത്വം കാണിച്ചിട്ട് 'വീണ് തന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്ക് തരാമെന്നു' പറഞ്ഞപ്പോൾ 'നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ' എന്ന് എഴുതപ്പെട്ട വചനം ഉദ്ധരിച്ച് പിശാചിനെ ജയിച്ചുവല്ലോ. ദൈവമല്ലാത്തതിനെ വണങ്ങുവാനുള്ള പ്രേരണ പൈശാചികമാകയാൽ വചനത്തിന്റെ ഉറച്ച നിലപാടിനാൽ ദൈവത്തെ മാത്രം വണങ്ങുകയും ആരാധിക്കുകയും ചെയ്തുകൊണ്ട് യേശുവിന്റെ കാൽചുവടുകളെ പിൻപറ്റി പ്രലോഭനങ്ങളെ ജയിക്കണം എന്നുമാണ് നാം മനസ്സിലാക്കേണ്ടത്.

ജന്മനാ മുടന്തനായ ഒരാളെ സൗഖ്യമാക്കിയപ്പോൾ 'ദേവന്മാർ മനുഷ്യവേഷത്തിൽ ഇറങ്ങി വന്നു' എന്നു പറഞ്ഞ് പൗലൊസിനും ബർന്നബാസിനും യാഗമർപ്പിക്കുവാൻ ജനം ഭാവിച്ചപ്പോൾ അവർ ആ മനോഭാവത്തെ ശക്തിയുക്തം എതിർക്കുന്നതായി കാണുന്നു. 'തങ്ങൾ മറ്റുള്ളവരോട് സമസ്വഭാവമുള്ള മനുഷ്യരാണെന്നും ഈ വ്യർത്ഥകാര്യങ്ങളെ വിട്ട് ആരാധനയ്ക്ക് യോഗ്യനായ ദൈവത്തെ മാത്രം ആരാധിക്കണമെന്നും' പൗലൊസ് അവരെ പ്രബോധിപ്പിച്ചു. ദൈവത്തിനുള്ള മഹത്വം കവർന്നെടുത്ത ഹെരോദാവിന് ലഭിച്ച കഠിനശിക്ഷയെക്കുറിച്ചും ദൈവവചനം വെളിപ്പെടുത്തുന്നുണ്ട്. 'അവൻ ദൈവത്തിനു മഹത്വം കൊടുക്കായ്കയാൽ ദൈവത്തിന്റെ ദൂതൻ അവനെ അടിച്ചു. ഉടനെ അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു.' (അപ്പോസ്തല പ്രവൃത്തി 12:23)

നമസ്കരിക്കാനും മുട്ടുകുത്താനും കവിണ്ണുവീഴാനും നമുക്ക് ഒരു ദൈവം മാത്രമേയുള്ളൂ. അതു കർത്താവായ യേശുക്രിസ്തു മാത്രമാണ്. മറ്റാരുടെയെങ്കിലും, എന്തിന്റെയെങ്കിലും അതായത് പണം, പദവി, പ്രശസ്തി മുതലായവയുടെ മുമ്പാകെ ഈവിധ രീതികൾ നാം പ്രകടിപ്പിച്ചാൽ അത് തീർച്ചയായും വിഗ്രഹാരാധന ആയിരിക്കും. മനുഷ്യരുടെ കൈ ചുംബിക്കുന്നതും കാലിൽ തൊട്ട് നമസ്കരിക്കുന്നതും ഭൂമിയെ ചുംബിക്കുമെന്നതുമൊക്കെ എത്ര ഉന്നതർ ചെയ്താലും അത് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിഗ്രഹാരാധനയായി കാണുവാനേ ഒരു ആത്മീയന്റെ മന:സാക്ഷിക്കു സാധിക്കുകയുള്ളൂ. വിഗ്രഹാരാധന തെറ്റാണെന്ന് അറിഞ്ഞിട്ടും അത് പിന്തുടർന്ന ഒരു സമൂഹത്തിനു സംഭവിച്ച ദുരന്തത്തെക്കുറിച്ച് റോമാലേഖനത്തിൽ ഇപ്രകാരം വായിക്കുന്നു : 'അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്ത് മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അക്ഷയനായ ദൈവത്തിന്റെ തേജസിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു.' (റോമർ 1: 22 - 27)

യേശുകർത്താവിന്റെ പക്കലേക്ക് കടന്നുവന്ന ഒരു കുഷ്ഠരോഗിയെക്കുറിച്ചു സുവിശേഷകരായ മത്തായിയും മർക്കൊസും ലൂക്കൊസും നൽകുന്ന വിവരണത്തിൽ ഒരു ആത്മീയ മർമ്മം മറഞ്ഞു കിടക്കുന്നു. മത്തായി പ്രസ്താവിക്കുന്നത് 'അപ്പോൾ ഒരു കുഷ്ഠരോഗി വന്ന് അവനെ *നമസ്കരിച്ചു*' (മത്തായി 8:2) എന്നാണ്. മർക്കൊസ് രേഖപ്പെടുത്തുന്നത് 'ഒരു കുഷ്ഠരോഗി അവന്റെ അടുക്കൽ വന്ന് *മുട്ടുകുത്തി*' (മർക്കൊസ് 1:40) എന്നത്രെ. ലൂക്കൊസ് വിവരിക്കുന്നതാകട്ടെ 'കുഷ്ഠം നിറഞ്ഞ ഒരു മനുഷ്യൻ യേശുവിനെ കണ്ട് *കവിണ്ണുവീണു*' (ലൂക്കൊസ് 5:12) എന്നുമാണ്. ആരാധനയുടെ മൂന്നു തലങ്ങളാണ് നമുക്കിവിടെ ദർശിക്കുവാൻ കഴിയുന്നത്.

ശേഷം പേജ് 15 ▶



ബില്ലിഗ്രഹാം

# എന്തുകൊണ്ട് കുടുംബത്തകർച്ച...?

**കു**ടുംബം എന്നത് ദൈവത്താൽ സ്ഥാപിതമാണ്. സംസ്കാരങ്ങളും ഭരണസംവിധാനങ്ങളും ഭാഷകളും സമൂഹവും രൂപം കൊള്ളുന്നതിനു മുമ്പ് സ്ഥാപിതമായത് കുടുംബമായിരുന്നു. പിന്നീടാണ് സമൂഹവും രാജ്യവും നിയമങ്ങളും നിലവിൽ വന്നത്. എങ്കിലും ദൈവത്തിനു ദൈവസഭ പോലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് കുടുംബം.

വ്യക്തികളുടെ മനോഭാവവും സ്വഭാവഗുണങ്ങളും വാർത്തെടുക്കപ്പെടുന്നത് കുടുംബങ്ങളിലെ അന്യോന്യമുള്ള സഹവാസത്തിലൂടെയും കൂട്ടായ്മയിലൂടെയും ആണ്. അവിടെ വ്യക്തിത്വവൈശിഷ്ട്യവും സ്വഭാവദാർഢ്യവും പക്വമാക്കപ്പെടുന്നു. മൂല്യങ്ങൾ രൂപപ്പെടുന്നു. ലക്ഷ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു. അവ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തലമുറകളോളം നിലനിൽക്കുന്നു. നിങ്ങളുടെ ഭവനം ഈ ഉറച്ച അടിത്തറയിലാണോ അടിസ്ഥാനപ്പെട്ടിരിക്കുന്നത്? അതോ ആകുലതകൾ നിറഞ്ഞതാണോ? ഒരു തകർച്ചയുടെ വക്കിലാണോ നിങ്ങളുടെ ഭവനം ഇപ്പോൾ എത്തിനിൽക്കുന്നത്?

ഇന്റർനെറ്റിലും ടെലിവിഷനിലും സിനിമകളിലും അനുബന്ധപ്രസിദ്ധീകരണങ്ങളിലും ഭവനത്തെ കലുഷിതമാക്കുന്ന മാലിന്യങ്ങൾ കാണപ്പെടുന്നു! ഇതിന്റെ ദുഷിച്ച സ്വാധീനങ്ങൾ എവിടെയും ദൃശ്യമാണ്. ഇതിനാൽ ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങളെ ഭവനങ്ങളിലും സ്വജീവിതത്തിലും നടപ്പാക്കുന്നത് ഗൗരവമില്ലാതെ എടുക്കുന്നതിനു കാരണമാകുന്നു. ദൈവം സ്ഥാപിച്ച പരിപാവനമായ കുടുംബസംവിധാനത്തെ അവഹേളിക്കും വിധം കാര്യങ്ങൾ ഇന്ന് നടക്കുന്നു.

ദൈവഭയമുള്ള ഭവനം എന്ന അനുഭവത്തിലേക്ക് തിരിച്ചെത്തിയിട്ടല്ലാതെ ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന് രക്ഷപ്പെടാൻ ഒരു മാർഗവുമില്ല. അനീതികൊണ്ടു സത്യത്തെ അടിച്ചമർത്തുന്ന മനുഷ്യരുടെ സകലവിധ ദുഷ്ടതയ്ക്കും അനീതിക്കും എതിരേ ദൈവത്തിന്റെ ഉഗ്രകോപം സ്വർഗത്തിൽനിന്നു പ്രകടമായിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ, ദൈവത്തെക്കുറിച്ച് അറിയാൻ സാധ്യമായത് അവർക്കു വ്യക്തമായിരുന്നു. കാരണം, ദൈവം അത് അവർക്കു പ്രകടമാക്കി നൽകിയിരുന്നു. അവർ ദൈവത്തെക്കുറിച്ച് അറിഞ്ഞു എങ്കിലും ദൈവമായി അംഗീകരിച്ച് മഹത്വപ്പെടുത്തുകയോ നന്ദിയുള്ളവരായിരിക്കുകയോ

ചെയ്തില്ല; പിന്നെയോ, സ്വന്തം യുക്തിബോധം കൊണ്ട് യാതൊരു പ്രയോജനവും ഇല്ലാതെ അവരുടെ വിവേകശൂന്യമായ ഹൃദയം ഇരുളടഞ്ഞു പോയി. വിജ്ഞാനികൾ എന്നു സ്വയം അവകാശപ്പെട്ടുകൊണ്ട് അവർ വെറും മൂഢരായി മാറി എന്ന് റോമാലേഖനത്തിൽ കാണുന്നു.

ദൈവഹിതപ്രകാരം എപ്രകാരമാണ് കുടുംബത്തിന്റെ രൂപകൽപ്പന? വചനാനുസരണമുള്ള കുടുംബജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ ചിന്തിക്കാം.

**1. യഥാസ്ഥാനത്തിന്റെ പ്രവർത്തി നമ്മിലാരംഭിക്കണം.**

കുടുംബത്തിൽ ഒരു മാറ്റത്തിന്റെ തുടക്കമാകാൻ നമുക്ക് കഴിയും, അത് നമ്മിൽ തുടങ്ങട്ടെ. ദൈവവചനത്തിലേക്ക് നമുക്ക് മടങ്ങിവരാം. ബൈബിളിലും ദൈവത്തിലും കേന്ദ്രീകരിച്ച് നമ്മുടെ ഭവനങ്ങൾ പണിയുവാൻ ആരംഭിക്കുക. കുടുംബപ്രശ്നങ്ങളും ദാമ്പത്യപ്രശ്നങ്ങളും എങ്ങനെ പരിഹരിക്കാമെന്ന് പഠിപ്പിക്കുന്ന, വചനാടിസ്ഥാനത്തിലുള്ള അനവധി പുസ്തകങ്ങളിന്നു സുലഭമാണ്. ഇക്കാര്യം കൈകാര്യം ചെയ്യുവാൻ പ്രാവീണ്യമുള്ള ഉപദേശകരുമുണ്ട്. എന്നിട്ടും എത്രയോ കുടുംബങ്ങൾ മുമ്പെന്നത്തേക്കാളും ദയനീയമായി തകർന്നിരിക്കുന്നു. എന്തുകൊണ്ട്? പലരും ദൈവവചനം മുഖവിലക്കെടുത്തിട്ടില്ല. അതിനാൽ വചനാനുസരണം കുടുംബത്തിന്റെ കെട്ടുപണികൾ നടക്കുന്നില്ല.

**2. കുടുംബജീവിതത്തിനു മുൻഗണന നൽകുക.**

പുരുഷനെയും സ്ത്രീയെയും ആണ് ആദ്യ ഭാര്യാഭർത്താക്കന്മാരായി ദൈവം കൂട്ടിച്ചേർത്തത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സുതാര്യമായ ആത്മബന്ധമാണ് കുടുംബവിജയത്തിന്റെ താക്കോൽ. മാതാവും പിതാവും തമ്മിലുള്ള സ്നേഹം മക്കൾ കാണണം. പലരും വിവാഹം കഴിക്കുന്നത് കുടുംബം എത്രത്തോളം പ്രധാനവും ഗൗരവമേറിയതുമാണെന്നു മനസ്സിലാക്കാതെയാണ്. ഈ അജ്ഞത നിമിത്തം കുടുംബജീവിതത്തിന്റെ ആരംഭദിശ മുതൽതന്നെ പരാജയത്തിന് അടിത്തറയിടുന്നു.

നിങ്ങൾ ആരെയാണ് വിവാഹം കഴിക്കുന്നത് എന്നതിനെക്കുറിച്ചു വളരെ ശ്രദ്ധിക്കുക. ആ വ്യക്തി ദൈവഭയമുള്ളവനാണെന്നും ക്രിസ്തുവിനെ സ്നേഹിക്കുന്നവനാണെന്നും ഉറപ്പാക്കുക. വിശുദ്ധ ഗ്രന്ഥം പറയുന്നു, 'നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്' (2 കൊരിന്ത്യർ 6:14). നിങ്ങൾ വിവാഹം കഴിക്കുന്ന വ്യക്തിയുമായി ആത്മീയമായ ഒരു ഏകത്വം ഉണ്ടായിരിക്കണം. വിശേഷാൽ സ്വവർഗ്ഗവിവാഹത്തിനു പ്രസക്തി ഏറുന്ന ഇക്കാലഘട്ടത്തിൽ അതിനെതിരെ കുഞ്ഞുങ്ങളെ തിരുവചന വെളിച്ചത്തിൽ വളർത്തുവാൻ മാതാപിതാക്കൾ വളരെ ശ്രദ്ധിക്കേണ്ടതാണ്.

വിവാഹബന്ധത്തോട് ആജീവനാന്ത പ്രതിബദ്ധത ഉണ്ടായിരിക്കണം. അത് മരണം വരെ പവിത്രമായി നിലനിർത്തേണ്ടതാകുന്നു. വേർപിരിയലും വിവാഹമോചനവും എന്ന വഴിയെക്കുറിച്ചു ഒരിക്കൽപ്പോലും ചിന്തിക്കരുത്. അഭിപ്രായവ്യത്യാസങ്ങൾക്കുള്ള പരിഹാരമാർഗ്ഗമായി ആരെങ്കിലും അത് നിർദ്ദേശിക്കുന്നു എങ്കിൽ നിർദാക്ഷിണ്യം അവഗണിക്കുക. ക്രിസ്തുവിന് നിങ്ങളെ ഒന്നിച്ചു നിർത്താൻ കഴിയും. ഭാര്യാഭർത്താക്കന്മാർ എപ്പോഴും പരസ്പരം വിശ്വസ്തരായിരിക്കുക എന്നതാണ് ദൈവഹിതം. കാലങ്ങൾ മാറിയാലും ദൈവം മാറുന്നില്ല. അവിടുത്തെ വാക്കുകൾക്കും മാറ്റമില്ല. നിങ്ങളുടെ ജീവിതശൈലിക്കും മനോഭാവങ്ങൾക്കും മാറ്റം വന്നു എന്നതുകൊണ്ട് ദൈവം തന്റെ ദിവ്യസ്വഭാവം മാറ്റുമെന്ന് കരുതുന്നുണ്ടോ? ഇല്ല! അവിടുന്ന് ഇന്നലെയും ഇന്നും എന്നും ഒരുപോലെയാണ്.

നിങ്ങളിൽ പലരും ചോദിക്കുന്നു, ശരി, എന്റെ കുടുംബം സമാധാനപൂർണ്ണമായി മുന്നോട്ടു പോകുവാൻ ഞാൻ എന്തുചെയ്യണം? ജീവിതം യേശുക്രിസ്തുവിലേക്ക് മാറ്റുക എന്നതാണ് ആദ്യപടി. നിങ്ങളുടെ പാപങ്ങളിൽ പശ്ചാത്തപിക്കാൻ തയ്യാറാവുക. ദൈവം നിങ്ങളെ സ്നേഹിക്കുന്നുവെന്ന് തിരിച്ചറിയുക. നിങ്ങളുടെ പാപങ്ങൾക്കിടയിലും, പരാജയങ്ങൾക്കിടയിലും, അവിടുന്ന് നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളോട് എല്ലാ അപരാധങ്ങളും ക്ഷമിക്കുവാൻ അവിടുന്നു തയ്യാറാണ്. ജീവിതം സുന്ദരമാക്കുവാൻ ഭാര്യാഭർതൃബന്ധത്തിലെ ഉത്തരവാദിത്തങ്ങൾ വചനത്തിൽ നിന്നും മനസ്സിലാക്കി അംഗീകരിച്ചു അനുസരിക്കുവാൻ സമർപ്പിക്കുക. അങ്ങനെ ഒരു നല്ല ഭർത്താവും ഭാര്യയുമാകുവാൻ നിങ്ങൾക്ക് കഴിയും.

**3. കുടുംബമായി ക്രിസ്തുവിൽ വളരുക.**

നിങ്ങൾ ദൈവഹിതം അന്വേഷിച്ചിട്ടുണ്ടോ? മക്കളെ കർത്താവിനു സമർപ്പിച്ചിട്ടുണ്ടോ? കുടുംബ ആരാധനകൾക്കായി അവരെ ചേർത്ത് നിർത്താറുണ്ടോ? തിരുവചനാടിസ്ഥാനത്തിൽ

ഉത്തമ മാതാപിതാക്കളാകുന്നതിൽ നിങ്ങൾ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ, അതായതു ഒരു നല്ല ഭർത്താവോ ഭാര്യയോ അനുസരണയുള്ള മകനോ മകളോ ആയിരിക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ ജീവിതം ക്രിസ്തുവിന് സമർപ്പിക്കുക. അവിടുന്ന് നിങ്ങളുടെ ഹൃദയത്തിൽ വന്ന് ഉത്തമ ഭർത്താവോ ഭാര്യയോ മകനോ മകളോ ആകാൻ നിങ്ങളെ സഹായിക്കും. ദൈവത്തിനു കീഴടങ്ങലാണ് കുടുംബത്തകർച്ചയിൽ നിന്നുള്ള പരിഹാരമാർഗം. ജീവിതം ക്രിസ്തുവിന്റെ കർത്തൃത്വത്തിൻ കീഴിൽ കൊണ്ടുവരാൻ തീരുമാനിക്കുക.

**4. കുട്ടികളെ ദൈവോന്മുഖരാക്കുക .**

കുട്ടികൾക്ക് ഇക്കാര്യത്തിൽ മാതാപിതാക്കളുടെ സഹായം ആവശ്യമാണ്. അവർക്ക് സ്നേഹം ലഭിക്കണം. ക്രിസ്തുവിന്റെ സ്നേഹം നിങ്ങളുടെ കുടുംബത്തിൽ ആധിപത്യം സ്ഥാപിക്കട്ടെ. നിങ്ങൾക്ക് ഒരു മനോഹരമായ വീടുണ്ടായിരിക്കാം. അതോടൊപ്പം ദൈവം ഒന്നാമനായിട്ടുള്ള കുടുംബജീവിതം കെട്ടിപ്പടുക്കുവാൻ ഇപ്പോൾ ആരംഭിക്കാം. ഒരു കൊച്ചുകുട്ടി തന്റെ പിതാവിനെ വിശ്വസിക്കുന്നതുപോലെ, നിങ്ങൾക്ക് സ്വർഗീയപിതാവിനെ വിശ്വസിക്കാം. ദൈവത്തിന്റെ കയ്യിൽ നിങ്ങളുടെ കൈവെച്ച് പറയുക, ‘എനിക്ക് അങ്ങയെ വേണം.’ ക്രിസ്തു നിങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചു. അവിടുന്ന് മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു, ഇന്നും ജീവിക്കുന്നു. താൻ വീണ്ടും വരുന്നു... നിങ്ങളത് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവിടുന്ന് ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ വസിക്കുവാൻ തയ്യാറാണ്.


കർത്താവായ യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കട്ടെ. വ്യവസ്ഥതകൾക്കതീതമായി അന്യോന്യം സ്നേഹിക്കാനും കരുതുവാനും കഴിയുന്ന അനുഭവത്തിലേക്ക് കുടുംബജീവിതം വളരട്ടെ. ജീവിതം ക്രിസ്തുകേന്ദ്രീകൃതമായിരിക്കുവാൻ അനുവദിച്ചാൽ നിങ്ങളെ തന്റെ മന്ദിരമാക്കി വിജയത്തിലേക്കു നയിക്കുവാൻ ക്രിസ്തു ഇപ്പോൾത്തന്നെ നിങ്ങളുടെ ഹൃദയത്തിൽ വാസമാരംഭിക്കും. •

## ▶▶ 12 ആരാധനയ്ക്കും മഹത്വത്തിനും യോഗ്യൻ

ഡി.എൽ മൂഡി ഒരു സുവിശേഷവേദിയിൽ പ്രസംഗിക്കുമ്പോൾ അനേകർ രക്ഷിക്കപ്പെട്ടു. പലരും കർത്താവിനെ രക്ഷിതാവായി പരസ്യമായി ഏറ്റുപറഞ്ഞു. വലിയ ആത്മവ്യാപാരവും ആത്മീയ ഉണർവും അവിടെ ഉണ്ടായി. പ്രസംഗം കഴിഞ്ഞ് വേദിയിൽ നിന്ന് ഇറങ്ങിവന്ന മൂഡിയെ കേൾവിക്കാരിലൊരാൾ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചിട്ടു പറഞ്ഞു: ‘ഓ, മൂഡി, ഉഗ്രൻ പ്രസംഗം, ഇതുപോലൊരു പ്രസംഗം ഇതിനുമുമ്പ് ഇവിടെ നടന്നിട്ടില്ല. അങ്ങയെ സമ്മതിച്ചു തന്നിരിക്കുന്നു.’ മൂഡി മുഷിഞ്ഞു അയാളെ നോക്കിയിട്ടു പറഞ്ഞു: ‘ഇക്കാര്യം നിങ്ങൾ എന്നോടു പറയുന്നതിനു തൊട്ടുമുമ്പ് സ്റ്റേജിൽ വച്ച് പിശാച് ഇതേ വാചകങ്ങൾ എന്റെ ചെവിയിൽ മന്ത്രിച്ചിരുന്നു. ഞാൻ പിശാചിനെ ശാസിക്കുകയും ചെയ്തു.’ ദൈവത്തിനു ലഭിക്കേണ്ട മഹത്വം ഏറ്റെടുക്കുവാൻ മൂഡി ഒരിക്കലും തയാറായിരുന്നില്ല. ഇത്തരം മാനുഷിക പുകഴ്ത്തലുകളെയും മുഖസ്തുതികളെയും വിഗ്രഹാരാധനയായി മാത്രമേ എക്കാലവും അദ്ദേഹം കണ്ടിരുന്നുള്ളൂ.

കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്താണല്ലോ ദൈവസഭയിൽ വിഗ്രഹാരാധന കയറിപ്പറ്റിയത്. പൗരോഹിത്യവൃന്ദം സുഖലോലുപരായും ആഡംബരപ്രിയരായും അധികാരമോഹികളായും മാറി. പ്രതിമകളും രൂപങ്ങളുമില്ലാതെ ആരാധിക്കുവാൻ അവർക്ക് ശീലമില്ലാതായി. വിഗ്രഹാരാധനയെ എതിർത്ത വിശുദ്ധരെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ പൗരോഹിത്യനേതൃത്വം തയ്യാറായി. വിഗ്രഹാരാധനയും സുവിശേഷവും കോർത്തിണക്കി ക്രിസ്തീയ സഭയെ ‘പാരമ്പര്യസഭ’യാക്കിത്തീർക്കുവാനാണ് ഇന്നുള്ള പൗരോഹിത്യ സഭകളും ശ്രമിച്ചു വരുന്നത്. ക്രിസ്തു, പരീശന്മാരെക്കുറിച്ചു പറഞ്ഞ അഭിപ്രായം ഇവർ ശ്രദ്ധിക്കുന്നത് നന്ന്. ‘നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകൽപന തള്ളിക്കളയുന്നത് നന്നായി.’ (മർക്കൊസ് 7:9) ബെരോവയിലെ ദൈവജനത്തെ നമുക്ക് മാതൃകയാക്കാം. ‘അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊള്ളുകയും അത് അങ്ങനെ തന്നെയോ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോരുകയും ചെയ്തു.’ (അപ്പൊസ്തല പ്രവൃത്തി 17:11) •





ഡോ. സജികുമാർ കെ. പി.

# തിളക്കമാർന്ന വ്യക്തിത്വത്തിലേക്കുള്ള ദൈവീകപടികൾ

യേശുവിനെ അനുഗമിക്കുന്ന വ്യക്തികളെന്ന നിലയിൽ നാം മറ്റുള്ളവരോട് ഇടപെടുമ്പോൾ നമ്മെക്കുറിച്ചുതന്നെ എന്തു ചിന്തിക്കുന്നു എന്നത് വളരെ പ്രസക്തമാണ്. മറ്റേതൊരു വികാരത്തേക്കാളും ഉപരി നാം നമ്മെ എങ്ങനെ വിലമതിക്കുന്നു എന്നുള്ളതാണ് നമ്മുടെ സന്തോഷത്തിനും വിജയത്തിനും നിദാനമായിരിക്കുന്നത്. ഓരോരുത്തരും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുവാൻ യോഗ്യതയുള്ളവരാണ്. കഴിവുകളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും, തന്നിലും ദൈവം എന്തെങ്കിലും കഴിവുകൾ നല്കിയിട്ടുണ്ടെന്നുള്ള ബോധ്യമാണ് ആത്മവിശ്വാസത്തിന്റെ കാതലായ കാര്യം. ആത്മവിശ്വാസം ചോർന്നുപോയ ഒരാൾക്ക് 'മറ്റുള്ളവർ തന്നെ സ്നേഹിക്കുന്നില്ല' എന്നും 'ലോകത്തിലെ ഒട്ടുമിക്ക ആളുകളും തന്നെ നോവിക്കുന്നവർ' ആണെന്നും തോന്നുക സ്വാഭാവികമാണ്.

ഒരു വ്യക്തിയുടെ പ്രതികരണങ്ങളിലൂടെയാണ് അയാളുടെ വ്യക്തിത്വം പ്രകടമാകുന്നത്. ഏതെങ്കിലും പ്രത്യേക സന്ദർഭത്തിൽ ഒരു വ്യക്തി എങ്ങനെ പെരുമാറുന്നുവെന്നതാണ് പ്രസക്തം. ഇന്നത്തെ രാഷ്ട്രീയ, സാമൂഹ്യ, മതനായകരുടെ പ്രതികരണങ്ങൾ നോക്കൂ. ഭൂരിഭാഗവും ആക്രോശങ്ങളാണ്, നുണകളുടെ പ്രവാഹമാണ്. പരസ്പരം വ്യക്തിപരമായ ആരോപണങ്ങൾ ഉന്നയിക്കലാണ് രീതി. ഒരു വ്യക്തിയുടെ വാക്കുകൾ, അയാളുടെ ചെയ്തികൾ, മുൻവിധിയോടെയുള്ള സമീപനങ്ങൾ, മാറ്റം ഒരിക്കലും തനിക്ക് ബാധകമല്ല എന്ന മനോഭാവം ഇതെല്ലം വ്യക്തിത്വ വൈകല്യം പ്രകടമാക്കുന്നു.

ജീവിതത്തിലെ അച്ചടക്കം, സഹാനുഭൂതി, കൃത്യനിഷ്ഠ, സാമൂഹികബോധവും സാമൂഹ്യ പ്രതിബദ്ധതയും 'ഞാൻ' എന്ന ഭാവമില്ലായ്മ, ആത്മധൈര്യം ഇവയൊക്ക നല്ല വ്യക്തിത്വമുള്ളവരുടെ ഗുണവശങ്ങളാണ്. അന്യന്റെ വ്യക്തിത്വം അംഗീകരിക്കാനും സ്നേഹിക്കുവാനും സുന്ദരമായ ഒരു മനസ്സുവേണം. ഉത്തരവാദിത്വങ്ങൾ കൃത്യതയോടെ നിറവേറ്റാൻ നല്ല വ്യക്തിത്വങ്ങൾക്ക് കഴിയും. വ്യക്തിത്വം എന്നും തിളക്കമാർന്നതാകാൻ, ഭയം, അസഹിഷ്ണുത, അപകർഷതാബോധം, അമർഷം, പക എന്നിവ ഒഴിവാക്കിയേ തീരൂ. തന്റെ കുറവുകളും പരിധിക ളും തിരിച്ചറിയുന്ന ആൾക്ക് വ്യക്തിത്വവികസനം എളുപ്പമാവുകയാണ്. അതായതു തെറ്റ് തെറ്റാണെന്നു മനസിലാക്കി ശരിയായതിനെ ജീവിതത്തിൽ പ്രായോഗികമാക്കുന്നവർ എന്നും തിളക്കമാർന്ന വ്യക്തിത്വം ഉള്ളവരായിരിക്കും. അവനവനെക്കുറിച്ചുള്ള

തിരിച്ചറിവാണ് ആദ്യം വേണ്ടത്. ശ്രേഷ്ഠ വ്യക്തിത്വങ്ങൾക്ക് തീർച്ചയായും മറ്റുള്ളവരെ സ്വാധീനിക്കാനാകും.

നാം ചെയ്തെടുക്കുന്ന ഏതൊരു കാര്യത്തിനും മറ്റുള്ളവരുടെ അംഗീകാരവും പ്രശംസയും ആഗ്രഹിക്കുക സ്വാഭാവികമാണ്. അതോടുകൂടിത്തന്നെ ഏതൊരു പ്രവർത്തിക്കുശേഷവും നാം നമ്മെത്തന്നെ വിലയിരുത്താറുണ്ട്. മറ്റുള്ളവരുടെ വിമർശനങ്ങൾ തുറന്ന മനസ്സോടെ സ്വീകരിക്കാൻ കഴിയുകയും, അപവാദങ്ങൾക്കും തരംതാഴ്ത്തലുകൾക്കും മുൻപിൽ തകർന്നു പോകാതിരിക്കുവാൻ കഴിയുന്നതും ആരോഗ്യമുള്ള വ്യക്തിത്വമുള്ളവർക്കേ കഴിയൂ.

ആത്മവിശ്വാസം നഷ്ടപ്പെട്ടുപോയവർ സ്വയം ഉൾവലിയുന്നവരും അധികാരത്തിൽ ഇരിക്കുന്നവരെ അമിതമായി ഭയപ്പെടുന്നവരും ആയിരിക്കും. സ്വന്തം നേട്ടങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുവാൻ അവർക്ക് കഴിയുകയില്ല. സത്യം പറഞ്ഞാൽ ഒരു വഴക്കുണ്ടായേക്കാവുന്ന സാഹചര്യത്തിൽ വഴക്കൊഴിവാക്കാൻ അവർ സത്യത്തിനു പകരം നുണ പറയും. എപ്പോഴും അവർ പലതിനെക്കുറിച്ചും വ്യാകുലപ്പെടുന്നവരും സ്വയം പഴിക്കുന്നവരും ആയിരിക്കും.

ശാരീരികമായും മാനസികമായും ഉപദ്രവിക്കപ്പെട്ടു കൊണ്ടേയിരിക്കുന്ന കുഞ്ഞുങ്ങൾ, അമിതമായി വിമർശനങ്ങൾ മാത്രം മാതാപിതാക്കളിൽ നിന്നും കേൾക്കേണ്ടിവരുന്ന കുഞ്ഞുങ്ങൾ, വിവാഹമോചനം നേടിയ മാതാപിതാക്കളുടെ മക്കൾ, ചെറുപ്പത്തിൽ തന്നെ അനാഥരായവർ എന്നിവരിലൊക്കെ ആത്മവിശ്വാസക്കുറവ് കാണുക സ്വാഭാവികമാണ്. സ്നേഹം, സന്തോഷം, ദുഖം, കോപം എന്നിങ്ങനെയുള്ള വികാരങ്ങൾ ആരോഗ്യകരമായി പ്രകടിപ്പിക്കുവാൻ അനുവാദമില്ലാത്ത സാഹചര്യങ്ങൾ വ്യക്തിത്വത്തെ ദോഷമായി ബാധിക്കാം. മറ്റുള്ളവരോട് തോന്നുന്ന ദേഷ്യവും വിഷമവും തുറന്നു പറയാതെ മനസ്സിൽ സൂക്ഷിച്ചുവയ്ക്കുന്നവർ അതുകൊണ്ടു തന്നെ അവസാനം ക്ലേശങ്ങളിൽ അകപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ ആത്മീയജീവിതത്തിന് ആരോഗ്യമുള്ള വ്യക്തിത്വം കൂടിയേ തീരൂ. നിയന്ത്രിക്കുവാൻ കഴിയാത്തതെന്നും, മാറ്റുവാൻ അസാധ്യമായതെന്നും തോന്നുന്ന ജീവിതരീതികളെ ദൈവികസഹായത്തോടെ പുന:പ്പരിശോധിക്കുക എന്നതാണ് ആരോഗ്യമുള്ള വ്യക്തിത്വത്തിലേക്കുള്ള പ്രധാന പടി.

ആരോഗ്യകരമായ വ്യക്തിത്വ വികസനം നേടിയവർ നേതൃത്വഗുണമുള്ളവരും മറ്റുള്ളവരോട് ഇടപെടുന്നതിൽ നിപുണത നേടിയവരുമാണ്. മറ്റുള്ളവരിൽ മിതമായി ആശ്രയിക്കുന്നവരും ആവശ്യഘട്ടങ്ങളിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ചോദിക്കുന്നവരും ആണ് അവർ. എങ്കിലും സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അവർക്ക് പക്വതയുണ്ട്. മറ്റുള്ളവരുടെ വികാരങ്ങൾ തിരിച്ചറിഞ്ഞ് വിവിധ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ അവർക്ക് കഴിയും. സ്വന്തം കഴിവുകളെ തിരിച്ചറിയുവാനും അതിൽ അടിസ്ഥാനപ്പെട്ട് ഭാവിയെ മുൻകൂട്ടി കാണുവാനും അവർക്ക് സാധിക്കും. സ്വന്തം പ്രവർത്തികളുടെ അനന്തരഫലങ്ങളെ അത് നല്ലതായാലും, ദോഷമുള്ളതായാലും അംഗീകരിക്കുവാൻ അവർക്ക് കഴിയും. സ്വന്തം പ്രവൃത്തി പരാജയത്തിൽ കലാശിച്ചാൽ മറ്റുള്ളവരുടെ ദോഷം കൊണ്ടാണ് എന്ന് വിധിയെഴുതാതെ സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കുകയും മാറ്റങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാവുകയും ചെയ്യും.

നിയന്ത്രണാതീത സ്വഭാവരീതികളെ തങ്ങളിൽ അങ്ങനെ ഉണ്ടെന്ന് അംഗീകരിക്കുക എന്നതാണ് വിജയത്തിലേക്കുള്ള ഒന്നാമത്തെ പടി. നമ്മുടെ ശക്തിയെക്കാൾ ഉന്നതമായ ദൈവിക ശക്തിയാൽ സ്വഭാവരീതികളിൽ വ്യതിയാനം വരുത്തുവാൻ കഴിയും എന്ന് വിശ്വസിക്കുക. ഇതിനായി ദൈവികജ്ഞാനം നല്കുവാൻ ദൈവത്തോടപേക്ഷിക്കുക. സ്വന്ത ഇഷ്ടങ്ങളും ജീവിതവും ദൈവത്തിൻെറ സൗഖ്യം ആക്കുന്ന കൃപയ്ക്ക് മുൻപിൽ ഏൽപ്പിക്കുക. നമ്മുടെ കഴിവുകളുടെ ഒരു പട്ടിക തയ്യാറാക്കുക. അതോടുകൂടി ബലഹീനതകൾ എന്ന് ചിന്തിക്കുന്നവയുടെ മറ്റൊരു പട്ടികയും ഉണ്ടാക്കുക. അവയെ അംഗീകരിക്കുക.

സ്വഭാവത്തിലെ ന്യൂനവശങ്ങളെ മാറ്റുവാൻ എന്തെല്ലാം കാര്യങ്ങൾ ജീവിതരീതിയിൽ കൊണ്ടുവരാം എന്ന് ചിന്തിക്കുക. അതിനായി ദൈവത്തോട് പ്രാർത്ഥിക്കുക. സ്ഥിരമായി ദൈവവുമായി സംസർഗം നടത്തുകയും പരിശുദ്ധാത്മാവിന് നമ്മോട് സംസാരിക്കുവാൻ അവസരം നൽകുകയും ചെയ്യുക. സ്വഭാവരീതികളിൽ പ്രതിഫലിക്കുന്ന ശിഷ്യത്വ ശ്രേഷ്ഠത ലോകം നമ്മിൽ കാണട്ടെ. ആരോഗ്യമുള്ള വ്യക്തിത്വം വളർത്തിയെടുക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

•



ഡേവിഡ് വിൽക്കേഴ്സൺ

# കാര്യസ്ഥർ അവിശ്വസ്തരായാൽ...

യേശു ശിഷ്യന്മാരോടു മറ്റൊരു സാദൃശ്യകഥ പറഞ്ഞു: ധനികനായ ഒരു മനുഷ്യന്റെ സ്വത്ത് അയാളുടെ കാര്യസ്ഥൻ ധൂർത്തടിക്കുന്നതായി പരാതിയുണ്ടായി. ധനികൻ അയാളെ വിളിപ്പിച്ചിട്ട്, ഞാൻ നിന്നെക്കുറിച്ച് ഈ കേൾക്കുന്നത് എന്ത്? നിന്റെ ഭരണം മതിയാക്കി കണക്ക് എന്നെ ഏൽപ്പിക്കുക, നീ ഇനി എന്റെ കാര്യസ്ഥനായി തുടരേണ്ടതില്ല എന്ന് പറഞ്ഞു (ലൂക്കോസ് 16:1, 2).

കാര്യസ്ഥരിലൊരാൾ തന്റെ സ്വത്തുക്കൾ പാഴാക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ പ്രതികരിച്ച ഒരു ധനികനെക്കുറിച്ച് ഒരിക്കൽ യേശു സംസാരിച്ചു. കാര്യസ്ഥനെ ഏൽപ്പിച്ച എല്ലാറ്റിന്റെയും കണക്ക് ബോധിപ്പിക്കുവാൻ അവനെ വിളിപ്പിച്ചു അവനോടു ഇപ്രകാരം പറഞ്ഞു: നിന്നെക്കുറിച്ച് ഞാൻ എന്താണ് കേൾക്കുന്നത്? നീ അവിശ്വസ്തനായതുകൊണ്ട് ഇനി കാര്യവിചാരകനായി തുടരേണ്ടതില്ല.

ഈ ഉപമ ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് ഏറ്റവും പ്രധാനമാണ്. ശക്തിയും അഭിഷേകവും നഷ്ടപ്പെടുകയും, മാറ്റം വരുത്തിയ മറ്റൊരു സുവിശേഷം നൽകുകയും ചെയ്യുന്ന ഏതൊരു ദൈവദാസന്റെയും ദാരുണമായ കഥയാണിത്. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു തന്നെയാണ് ഈ ഉപമയിലെ ധനികൻ. ദൈവവചനം കൈകാര്യം ചെയ്യാൻ ഭരമേൽപ്പിക്കപ്പെട്ടവരും ക്രിസ്തു തന്ന കൃപാദാനങ്ങൾ പാഴാക്കിയതിന് കുറ്റക്കാരാണെന്ന് കണ്ടെത്തിയവരുമായ ഏതൊരാളും അധികാരത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുന്ന കാര്യസ്ഥനു തുല്യനാണ്. ഈ കാര്യസ്ഥൻ തന്റെ യജമാനന്റെ വസ്തുക്കൾ പാഴാക്കിയതിനാൽ കുറ്റക്കാരനാണ്. ഇന്നത്തെ ഒട്ടുമിക്ക ശുശ്രൂഷകർക്കുമെതിരെ ഈ ആരോപണം ഉന്നയിക്കാവുന്നതാണ്. ഇന്ന് സഭയിൽ നാം കാണുന്നത് എന്തൊരു ശോചനീയമായ അവസ്ഥയാണ്.

**1. സമയം പാഴാക്കുന്നു:**

മനുഷ്യരാശിയുടെ സംരക്ഷണത്തിനായി ദൈവം ഭരമേല്പിച്ചിട്ടുള്ള ഏറ്റവും വിലയേറിയ വിഭവമാണ് സമയം. സമയം നാനാവിധമാക്കുന്ന, ദൈവത്താൽ അഭിഷിക്തരായ പാസ്റ്റർമാരും സൺഡേസ്കൂൾ അധ്യാപകരും സുവിശേഷകരും സുഖം തേടുന്ന മനുഷ്യരെപ്പോലെ

കുറ്റക്കാരാണ്. സുവിശേഷത്തിന്റെ കാര്യസ്ഥർ സമയം വ്യർത്ഥകാര്യങ്ങൾക്കായി പാഴാക്കരുത്. ദൈവദാസന്മാരിൽ ചിലർ സ്പോർട്സ്, വിനോദം, ടെലിവിഷൻ, കച്ചവടം, ബ്രോക്കറിംഗ് എന്നിവയിൽ സമയം പാഴാക്കുന്നതായി കാണുന്നു. സോഷ്യൽ മീഡിയയുടെ മുമ്പിലിരുന്നു വിലയേറിയ മണിക്കൂറുകൾ പാഴാക്കി നരകത്തിന്റെ ചിന്തകൾ കൊണ്ട് ആത്മാവിനെയും മനസ്സിനെയും മലീമസമാക്കുന്നു. ഇങ്ങനെ യുള്ളവർ ആത്മീയ ഉത്തരവാദിത്തങ്ങളിൽ നിന്നും ദൈവം നീക്കം ചെയ്യുവാൻ പോകുന്ന നീതികെട്ട കാര്യസ്ഥന്മാരായിരിക്കും .

ഈ അവിശ്വസ്തനായ കാര്യസ്ഥൻ ജഡമോഹങ്ങളിൽ ആസക്തിയുള്ളവനായി മാറി. അവൻ തന്റെ യജമാനന്റെ കൃപാദാനങ്ങൾ എടുത്ത് നാനാവിധമാക്കി. ദൈവം ഏൽപ്പിച്ച എല്ലാ സമ്പത്തും പാഴാക്കാനും സ്വയം ആഹ്ലാദിക്കാനും അവൻ ഓടി. ദൈവം ഒരുനാൾ കണക്കു ചോദിക്കുമെന്ന ചിന്തയില്ലാതെ ക്രിസ്ത്യാനികൾ ദൈവം നൽകിയ സമയം പാഴാക്കി ഓടുന്നതിന്റെ സങ്കടകരമായ കാഴ്ചയാണ് ഇന്ന് നാം കാണുന്നത്.

**2. പുനരുത്ഥാന ശക്തി പാഴാക്കപ്പെടുന്നു:**

യജമാനന്റെ അധികാരം പാഴാക്കുന്നവരാണ് ദൈവഭവനത്തിലെ ചില കാര്യസ്ഥന്മാർ. അവർ പ്രവാചകന്മാരായി അറിയപ്പെടാനും ബഹുമാനിക്കപ്പെടാനും ആഗ്രഹിക്കുന്നു.ഇക്കാലഘട്ടത്തിലെ ദൈവമനുഷ്യർഎന്നനിലയിൽ, വിശ്വാസത്തിന്റെയും ആത്മികപ്രവർത്തനത്തിന്റെയും ശക്തിയുടെയും യോദ്ധാക്കളെപ്പോലെയാണ് അവർ കാണപ്പെടുന്നത്. അവർ മനുഷ്യന്റെ കരഘോഷം ഇഷ്ടപ്പെടുന്നു. നായകനെപ്പോലെ മറ്റുള്ളവരുടെ പ്രശംസ ഇഷ്ടപ്പെടുന്നു.ബഹുമാനം അർഹിക്കുന്നവനെ നാം ബഹുമാനിക്കണം. അത് ക്രിസ്തു മാത്രമാണ്.

വിവേചനരഹിതരായ വിശ്വാസികൾ സ്വയം പ്രശസ്തരായ പ്രവാചകന്മാരെയും രോഗശാന്തി നൽകുന്നവരെയും പുതിയ വെളിപ്പെടുത്തലുകളുടെ പ്രവാചകന്മാരെയും ആൾദൈവങ്ങളാക്കുന്നു. ദുരുപയോഗം ചെയ്യപ്പെടുന്ന അധികാരം ശുശ്രൂഷയെയും ദൈവത്തിന്റെ ഭവനത്തെയും ദുഷിപ്പിക്കുന്നു. ആത്മീയ വളർച്ചയില്ലാത്ത ക്രിസ്ത്യാനികൾ മധുവുള്ള പുഷ്പങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുന്ന തേനീച്ചയെപ്പോലെ അങ്ങനെയുള്ളവരുടെ വാക്ചാതുര്യത്താൽ ആകർഷിക്കപ്പെടുന്നു. വിവേചനരഹിതരായ വിശ്വാസികൾ പറയുന്നത്: അവന് ഇത്ര വലിയ ശക്തിയില്ലേ! അവൻ യേശുവിനാൽ നിറഞ്ഞവനല്ലേ! ക്രിസ്തു അവനിൽ അത്ഭുതകരമായി വെളിപ്പെട്ടതല്ലേ! അവൻ യേശുവിനെ യഥാർത്ഥമാക്കുന്നവനല്ലേ എന്നാണ്.

*സുവിശേഷത്തിന്റെ യഥാർത്ഥ കാര്യസ്ഥൻ* ജിജ്ഞാസുക്കളായ ജനക്കൂട്ടത്തിന്റെ മുമ്പിൽ പ്രശംസ നേടുവാൻ കുറുക്കുവഴികളോ ഉപായങ്ങളോ തേടുന്നില്ല. യേശു രോഗികളെ സുഖപ്പെടുത്തിയപ്പോൾ ആരോടും പറയരുത് എന്ന് വീണ്ടുംവീണ്ടും പറയുന്നത് നാം കേൾക്കുന്നു. പ്രശംസിക്കുവാൻ സാധ്യതയുള്ള എല്ലാ കണ്ണുകളിൽ നിന്നും തങ്ങളെത്തന്നെ മറച്ച്, സാത്താന്റെ കോട്ടകളെ തകർക്കുവാനും പിശാചുക്കളെ ബന്ധിക്കാനും ബന്ദികളെ മോചിപ്പിക്കാനും രോഗികളെ സുഖപ്പെടുത്താനും ദൈവം അവർക്കു നൽകിയ ശക്തിയും അധി കാരവും ഉപയോഗിക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനായി പൂർണ്ണമായും സമർപ്പിക്കുന്നവർ മാത്രമാണ് സുവിശേഷത്തിന്റെ യഥാർത്ഥ കാര്യസ്ഥർ.

ദൈവശക്തി പ്രാപിച്ചവർ ക്രിസ്തുവിന്റെ മഹത്വത്തിനായി പ്രവർത്തിക്കാതിരിക്കുമ്പോൾ അവരെ ഭരമേല്പിച്ച ശക്തി പാഴായിപ്പോകുന്നു. അവിശ്വസ്തനായ കാര്യസ്ഥൻ ദൈവം ഭരമേല്പിച്ച കൃപാവരങ്ങൾ ദൈവമഹത്വത്തിനു പകരം തന്റെ മഹത്വത്തിനായി ചെലവഴിക്കുന്നു. തങ്ങളെത്തന്നെ മഹത്വപ്പെടുത്തി കർത്താവിനു ലഭിക്കേണ്ട മഹത്വവും പുകഴ്ചയും ആരാധനയും അപഹരിച്ചുകൊണ്ട് തങ്ങൾക്കു വലിയ പേരുകൾ ഉണ്ടാക്കുന്നു.

**3. വിശ്വാസം പാഴാക്കിക്കളയുന്നു:**

വിശ്വാസം ക്രിസ്തുവിന്റെ കൃപയാലാണ് വരുന്നത്! ക്രിസ്തുയേശുവിലുള്ള അപ്രമേയ ധനത്തെക്കുറിച്ചു പറയുമ്പോൾ അതിൽ വിശ്വാസം ഉൾപ്പെടുത്തണം. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ശ്രദ്ധാപൂർവം ഉപയോഗിക്കേണ്ട ആ വിലയേറിയ വിശ്വാസം നിസ്സാരകാര്യങ്ങൾക്കായി പാഴാക്കുകയാണ് അവിശ്വസ്തർ. എബ്രായർ പതിനൊന്നാം അധ്യായത്തിലെ വിശ്വാസവീരന്മാർ രാജ്യങ്ങൾ കീഴടക്കാനും സിംഹങ്ങളുടെ വായടയ്ക്കാനും അഗ്നിയുടെ ശക്തി കെടുത്താനും ശത്രുസൈന്യത്തെ ഓടിച്ചുവിടാനും നീതി പ്രവർത്തിക്കാനും മരിച്ചവരെ ഉയിർപ്പിക്കാനും പീഡന

ങ്ങളും പരിഹാസങ്ങളും സഹിക്കാനും തങ്ങളുടെ വിശ്വാസം വിനിയോഗിച്ചു. ഇന്ന് ക്രിസ്തുവിലുള്ള വിശ്വാസം, നശിച്ചു പോകുന്ന ഭൗതിക കാര്യങ്ങൾക്കു വേണ്ടി മാത്രം ചിലർ പാഴാക്കുന്നു! വിജയം, ഭൗമിക സമ്പത്ത്, സാമ്പത്തിക സമൃദ്ധി, തികഞ്ഞ ആരോഗ്യവും സന്തോഷവും... ദൈവവിഷയമായി സമ്പന്നനാകാതെ കേവലം ഭൗതിക നേട്ടങ്ങൾക്കായി മാത്രം ക്രിസ്തുവിലുള്ള വിശ്വാസത്തെ ഉപയോഗിക്കുന്നു.

ക്രിസ്ത്യാനികൾ അവരുടെ വിശ്വാസത്താൽ ഐശ്വര്യവും സന്തോഷവും നേടാനുള്ള ശ്രമത്തിൽ മാത്രം ഏർപ്പെടരുത്. അവരുടെ അയൽക്കാരെയും ബന്ധുക്കളെയും സ്നേഹിതരെയും യേശുവിലേക്കു നയിക്കുവാൻ അവർക്കുള്ള വിശ്വാസം ഉപയോഗിക്കാത്തതെന്തുകൊണ്ടാണ്? ക്രിസ്തുവിന്റെ വിശുദ്ധിയിൽ വളരുന്നതിന് വിശ്വാസം ഉപയോഗിക്കാത്തത്എന്തുകൊണ്ടാണ്? നഷ്ടമായ ലോകത്തെസുവിശേഷവത്കരിക്കാൻ യേശുവിലുള്ള വിശ്വാസം എന്തുകൊണ്ട് പ്രയോജനപ്പെടുത്തുന്നില്ല?

നമ്മെ ഭരമേല്പിച്ച അതിവിശുദ്ധവും വിലയേറിയതുമായ വിശ്വാസത്തെ നാം കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് ദൈവം കണക്കു ചോദിക്കുവാൻ പോകുന്നു. ജീവിതം സുഗമമാക്കാൻ മാത്രമാണ് വിശ്വാസം നൽകിയിരിക്കുന്നത് എന്ന മട്ടിൽ നാം അത് നിസ്സാര കാര്യങ്ങൾക്കായി പാഴാക്കിയോ? എന്തുകൊണ്ടാണ് നാം വിശ്വാസമെന്ന ധനം വിവേകത്തോടെ വിനിയോഗിക്കാത്തതെന്ന് അഗ്നിജ്വാലയ്ക്കൊത്ത കണ്ണുകളുള്ള നമ്മുടെ കർത്താവ് ചോദിക്കില്ലേ? ഈ തലമുറയുടെ മേൽ പൈശാചിക സൈന്യങ്ങൾ പിടിമുറുക്കുകയും അന്ധകാരത്തിന്റെ ഭരണാധികാരികൾ അവരുടെ രാജ്യങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നു. സാത്താന്റെ സൈന്യങ്ങളും പരിഹാസികളും പീഡകരും ദൈവജനത്തിന്റെ നേരെ നീങ്ങുന്ന ഈ ദുർഘടസമയത്തെക്കുറിച്ച് എന്താണ് നമുക്ക് പറയുവാനുള്ളത്? ദൈവമക്കളെ ഉപദ്രവിക്കാൻ എതിർക്രിസ്തുക്കൾ എഴുന്നേറ്റുവോ? ദൈവജനം, ദൈവത്തിന്റെ കാര്യസ്ഥർ, ക്രിസ്തുവിന്റെ മഹത്വത്തിനായിഎന്നും മുൻനിരയിലുണ്ടാകുമോ? അതോ, അവർ ദൈവമുമ്പാകെ ലജ്ജിതരായി നിൽക്കേണ്ടി വരുമോ? ഈ ഉപമയിലെ മഹത്തായ പാഠം അവിശ്വസ്തരായ കാര്യസ്ഥർ ക്രിസ്തുവിന്റെസമ്പത്ത്സ്വാർത്ഥതാൽപ്പര്യങ്ങൾക്കായി പാഴാക്കുന്ന ദുരന്തത്തിന്റെഭീകരതയെക്കുറിച്ചുള്ള മുന്നറിയിപ്പാണ്. ദൈവിക അധികാരത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുവാൻ പോകുന്ന അവിശ്വസ്തരായ കാര്യസ്ഥന്മാരുടെ ദുഷിച്ച ചിന്തയിലേക്ക് ഈ ഉപമ വിരൽ ചൂണ്ടുന്നു. ദൈവം ഏൽപ്പിച്ച സമയവും വിശ്വാസവും ശക്തിയും മറ്റ് ദൈവിക വിഭവങ്ങളും പാഴാക്കുന്ന കാര്യസ്ഥർക്ക് ഒടുവിൽ ക്രിസ്തുവിലുള്ള അവരുടെ ആത്മീയ അധികാരം നഷ്ടപ്പെടുകയും അവരുടെ സ്വന്തം പദ്ധതികളിൽ ഏർപ്പെടാൻ ദൈവം അനുവദിക്കുകയും ചെയ്യും. അവർ തങ്ങളുടെ അഭിഷേകംനഷ്ടപ്പെടുത്തുകയും അവരുടെ താൽപ്പര്യങ്ങൾ ശാശ്വതമാക്കാൻ മറ്റൊരു സുവിശേഷം കണ്ടുപിടിക്കുകയും ചെയ്യും.

അവിശ്വസ്തനായ കാര്യസ്ഥൻ സ്വയം പറഞ്ഞു: എന്റെ യജമാനൻ കാര്യസ്ഥൻ എന്ന സ്ഥാനം എന്നിൽ നിന്ന് എടുത്തുകളയുന്നതിനാൽ ഞാൻ എന്തുചെയ്യണം? (ലൂക്കോസ് 16:3). യജമാനന്റെ സമ്പത്ത് പാഴാക്കുകയും അഭിഷേകം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന കാര്യസ്ഥന്മാർ ഒടുവിൽ സ്വയസംരക്ഷണത്തിന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. അപ്പോൾ അവർക്കുണ്ടാകുന്ന ഉത്കണ്ഠ 'എന്റെ കർത്താവിന് വേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും എന്നല്ല, മറിച്ച് എനിക്കുവേണ്ടി എന്തുചെയ്യാൻ കഴിയും എന്നായിരിക്കും'

എന്തുകൊണ്ടാണ് ഈ കാര്യസ്ഥൻ പശ്ചാത്തപിക്കുകയും തന്റെ യജമാനന്റെ കരുണയിൽ ആശ്രയിക്കുകയും ചെയ്യാത്തതെന്ന് ഞാൻ പരിശുദ്ധാത്മാവിനോട് ചോദിച്ചു. എന്തിനാണ് അവൻ നേരിട്ട് പോയി തന്നെയും തന്റെ ഭാവിയെയും സംരക്ഷിക്കാൻ കുടിലതന്ത്രം മെനഞ്ഞത്? സ്വാർത്ഥതാത്പര്യങ്ങൾ അവന്റെ ഹൃദയത്തെ കഠിനമാക്കി. സ്വയകേന്ദ്രീകൃതരായ പ്രസംഗകരും സാധാരണക്കാരും ഒരിക്കലും ന്യായവിധിക്കതീതരെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അത് തെറ്റാണ്. അനന്യാസും സഫീറയും അങ്ങനെയായിരുന്നു; മറ്റുള്ളവർ ഭയപ്പെടേണ്ടതിന് കൊരിന്തുസഭയിലെ അത്തരക്കാരെയാണ് പൗലോസ് സാത്താനെ ഏല്പിച്ചത്.

ദൈവത്താൽ ഉപേക്ഷിക്കപ്പെട്ട ശുശ്രൂഷകരും വിശ്വാസികളും ഇപ്പോൾ ദൈവസഭയിൽ ഉണ്ടെന്ന് ദു:ഖിക്കുന്ന ഹൃദയത്തോടെ ഞാൻ നിങ്ങളോട് പറയുന്നു. അനുതപിക്കാനും തങ്ങളെത്തന്നെ താഴ്ത്താനും പരിശുദ്ധാ

ത്മാവിനാലും ദൈവത്തിന്റെ പ്രവാചകന്മാരാലും വീണ്ടുംവീണ്ടും മുന്നറിയിപ്പ് നൽകപ്പെട്ടിട്ടും വ്യാജാത്മാക്കളാൽ വഞ്ചിക്കപ്പെട്ടവരാണ് ഇവർ. അവർ മതിമറന്ന്, ഹൃദയത്തകർച്ചയുടെയും വിനയത്തിന്റെയും ജീവിതം നിരസിച്ചു. തങ്ങളുടെ താൽപ്പര്യങ്ങൾക്കു വേണ്ടി അവർ പ്രാർത്ഥനാമുറി ഉപേക്ഷിച്ചു! ദൈവത്തിന്റെ പണവും ദൈവവിശ്വാസവും സമയവും ദൈവ ശക്തിയും അവർ അശ്രദ്ധമായുപയോഗിച്ച് നാനാ വിധമാക്കി.

സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്ന് ഞാൻ കേൾക്കുന്ന അതേകാര്യം തന്നെ, വിശുദ്ധീകരിക്കപ്പെട്ട, പ്രാർത്ഥിക്കുന്നവരിൽ നിന്ന് രാജ്യത്തുടനീളം കേൾക്കുന്നു. ദൈവത്തോടൊപ്പം നടക്കുന്നവരും ആത്മാവിൽ ജീവിക്കുന്നവരും ഇതു തന്നെ പറയുന്നു. സഭയിലും പ്രസംഗപീഠത്തിലും ചില ജനപ്രിയ ശുശ്രൂഷകളിലും ഉള്ള എല്ലാ മ്ലേച്ഛതകളെയും ദൈവം വെറുക്കുന്നു.

എന്നാൽ എല്ലാവരും ഇങ്ങനെയുള്ളവരല്ല. ദൈവത്തിന് നന്ദി! നീതിയിലേക്കും പ്രാർത്ഥനയിലേക്കും മടങ്ങിയ മാനസാന്തരപ്പെട്ട വിശുദ്ധരുടെയും ശുശ്രൂഷകളുടെയും ശേഷിപ്പുകൾ എല്ലായിടങ്ങളിലും ഉണ്ട്. ആത്മീയ അധികാരത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരെ തിരിച്ചറിയാൻ ക്രിസ്തുവിന്റെ ശരീരമായ സഭ ദൈവിക ജ്ഞാനത്തിനായി പ്രാർത്ഥിക്കണം. സഭ ലോകമയമായിപ്പോകുന്നതിനെതിരെ പ്രാർത്ഥി ക്കുന്ന ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചു വരണം. ദൈവം ഉടൻ തന്നെ അത് കൈകാര്യം ചെയ്യണമെന്ന് നിലവിളിക്കണം. ഞാനും വിശ്വസിക്കുന്നു ദൈവം അത് ചെയ്യാൻ പോകുകയാണന്ന്!ഒരു മണിക്കൂറിനുള്ളിൽ ബാബിലോണിനെ താഴെയിറക്കാൻ ദൈവത്തിന് കഴിയുമെങ്കിൽ, ഒരു നിമിഷം കൊണ്ട് ദൈവത്തിന്റെ ആലയത്തിലെ അഴുക്കകറ്റി ശുദ്ധീകരിക്കാൻ തനിക്ക് തീർച്ചയായും കഴിയും •

▶▶ 10

## യേശുക്രിസ്തുവിന്റെ പൗരോഹിത്യം

നിത്യനായ പുരോഹിതനാൽ മാത്രമേ നിർവഹിക്കുവാൻ സാധിക്കുകയുള്ളൂ. ഈ ന്യായങ്ങൾ ശ്രദ്ധിക്കുമ്പോൾ ക്രിസ്തീയ വിശ്വാസം മനുഷ്യ പുരോഹിതർ പിന്തുടർന്നു വരുന്ന ഒരു മതത്തിന്റെ ഭാഗമല്ല, പിന്നെയോ നിത്യ നിയമത്തിന്റെ പുരോഹിതനായ യേശുക്രിസ്തുവിലൂടെ ദൈവം എന്നെന്നേക്കുമായി പൂർത്തീകരിച്ച പൗരോഹിത്യത്തെ അടിസ്ഥാനപ്പെടുത്തി ഉള്ളതാണ് എന്ന് മനസ്സിലാക്കാമല്ലോ. അതുകൊണ്ട് ഇനി ഒരു പുരോഹിതനും യാഗവും നമുക്ക് ആവശ്യമില്ല.

അഹരോന്റെ പൗരോഹിത്യത്താൽ ഒന്നും പൂർത്തിയാകാത്തതുകൊണ്ട് യേശുക്രിസ്തുവിലൂടെ നിത്യമായ പൗരോഹിത്യം കർത്താവ് സ്ഥാപിക്കുകയും ന്യായപ്രമാണത്തിന്റെ എല്ലാ നിബന്ധനകളെയും പൂർത്തീകരിക്കുകയും ചെയ്തു. ഇനിയും ഒരു പൗരോഹിത്യം അവശേഷിക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലൂടെ പോലും ഒന്നും പൂർത്തിയായിട്ടില്ല എന്നുള്ള ദുരുപദേശത്തിലേക്ക് ആണ് അത് എത്തുന്നത്. അതുകൊണ്ട് ഇന്ന് പൗരോഹിത്യ ക്രിസ്തീയ മതങ്ങൾ യേശുക്രിസ്തുവിന്റെ യാഗങ്ങൾ പൂർത്തിയായി എന്ന് പറയാതെ വീണ്ടും വീണ്ടും പുരോഹിതന്മാരെ സൃഷ്ടിക്കുകയും ഒരിക്കലും പാപമോചനം നൽകാത്ത അതേ യാഗങ്ങളെ വീണ്ടും വീണ്ടും കഴിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ ഏക യാഗത്തിലൂടെ പാപങ്ങൾക്ക് പൊറുതിയും നിത്യജീവനും ദൈവവുമായുള്ള സമാധാനവും നമുക്ക് ലഭിച്ചുവെങ്കിൽ പിന്നെ എന്തിനാണ് വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്ന കുർബാനകളും പുരോഹിതന്മാരും? അവരിൽ ആശ്രയിക്കുന്നവർ യഥാർത്ഥ പുരോഹിതനായ യേശുക്രിസ്തുവിന്റെ യാഗങ്ങൾ അപര്യാപ്തമെന്നും സാധാരണമെന്നും വിധിച്ചുകൊണ്ട് നിത്യരക്ഷയെ തള്ളിക്കളയുകയല്ലേ ചെയ്യുന്നത്? അങ്ങനെ ചെയ്യുന്നവർ ഇപ്പോഴും പഴയനിയമ ക്രമങ്ങളിൽ വിശ്വസിച്ചു കൊണ്ട് ക്രിസ്തുവിന്റെ സുവിശേഷത്തെ തള്ളിക്കളയുക തന്നെയാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ യേശുക്രിസ്തുവിന്റെ ഏകയാഗത്താൻ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിക്കുന്നുവെങ്കിൽ പഴയതിൽ ഇനി പങ്കാളിത്തമില്ല. വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്ന കുർബാനകളിൽ നിന്നും പാപമോചനത്തിന് ആയിട്ടുള്ള വിവിധ ക്രമങ്ങളിൽ നിന്നും നാം യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്താൽ എന്നെന്നേക്കുമായി രക്ഷിക്കപ്പെട്ടിരിക്കുന്നു.

•



മനു എം.എം

# ദു:ഖിതരെങ്കിലും ഭാഗ്യവാന്മാർ

ഗിരിപ്രഭാഷണത്തിലെ ഓരോ വാക്യങ്ങളും സമൃദ്ധിയായി ജീവൻ പകരുവാൻ കാരണമായി ത്തീരുന്ന പ്രകാശമാണ്. പഴുത്ത വ്രണങ്ങൾ ഞെക്കി കഴുകി, ആവശ്യമെങ്കിൽ ശസ്ത്രക്രിയ യ്ക്ക് പോലും വിധേയമാക്കി, വേദനയെ വേദന കൊണ്ട് ഭേദമാക്കുന്നതുപോലെ ആശ്വസം നൽ കുന്ന ഗിലെയാദിലെ നൽക്കുഴമ്പിനേക്കാൾ ഉത്ത മമായതാണ് യേശുവിന്റെ നിത്യജീവമൊഴികൾ. തുറന്ന മനസ്സോടെയുള്ള ദൈവവചനപഠനം പലപ്പോഴും വേദന ഉളവാക്കുമെങ്കിലും ആശ്വാസം നൽകുന്നതാണ്.

ഏതൊരു ദു:ഖത്തിനും ആശ്വാസം അനിവാര്യ മാണ്. ദു:ഖങ്ങളുടെ നല്ലൊരു സമാപ്തിയാണ് ആശ്വാസം എന്ന് പറയുന്നതിൽ തെറ്റില്ല. അതിൽ എത്താൻ കഴിയാത്ത അവസ്ഥ നരകതുല്യമാണ്. ദു:ഖം സമാധാനത്തിന്റെ അഭാവവും കൂരിരുളിൽ എന്നപോലെ ഭയം നിറഞ്ഞതുമാണ്. ജീവിതത്തിൽ വിവിധ തരത്തിലുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നവരാണ് നാമോരോരുത്തരും. അതിൽ പലതും നമ്മെ നിരാശയിലും ഭയത്തിലും ദു:ഖത്തിലും ആഴ്ത്തിയിട്ടുമുണ്ട്. മുഖം ഹൃദയത്തിന്റെ കണ്ണാടി എന്ന് പറയുന്നതുപോലെ, മനുഷ്യ വികാരങ്ങളെല്ലാം ഹൃദയത്തിന്റെ ഉള്ളറയിൽ ഒളിഞ്ഞിരിക്കുന്നതെങ്കിലും ഉള്ളറയെ ഭേദിച്ച് എപ്പോഴെങ്കിലും പ്രകടമായി പുറത്തു വരും. ഒരാൾ ദു:ഖിതനെന്ന് മനസ്സിലാക്കുവാൻ അയാളുടെ ബാഹ്യഭാവം മതിയായതെങ്കിലും, ഉള്ളത്തിന്റെ ഭാവത്തെ മറ്റാർക്കും വെളിപ്പെടുത്താത്ത നല്ല അഭിനേതാക്കൾക്കും അവരുടെ ദു:ഖത്തെക്കുറിച്ച് ബോധ്യമുണ്ട്. ജീവിതയാത്രയുടെ വഴിത്താരകളിൽ ദു:ഖമുളവായ പല സാഹചര്യങ്ങളിലും ആശ്വാസപ്രദനായ ദൈവത്തിന്റെ സാന്ത്വനം പലപ്പോഴും നാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ ഒരു ശ്രദ്ധേയമായ വാക്യമാണ് 'ദുഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കും'(മത്തായി 5:4). ബൈബിൾ ഏതു തരം ദു:ഖത്തെക്കുറിച്ചാണ് പറയുന്നത് എന്ന് മനസ്സിലാക്കാൻ ശ്രമിക്കാം. യേശു ഈ ബീയാറ്റിറ്റ്യൂഡിലൂടെ ദു:ഖിക്കുന്നവർക്ക് അനുഗ്രഹം വാഗ്ദത്തം ചെയ്യുകയും, ദു:ഖം ദൈവത്തിന്റെ അംഗീകരണത്തിനും ആശ്വാസത്തിനും അനിവാര്യമാണെന്ന് വ്യക്തമാക്കുയും ചെയ്യുന്നു. ദു:ഖവും ആശ്വാസവും അനുഗ്രഹവും ഒരേ ചരടിൽ കോർത്തിണക്കുന്ന മുത്തുകളെ പോലെ ഒരുമിപ്പിക്കുന്ന കാഴ്ചയാണ് നാം ഈ വാക്യത്തിൽ കാണുന്നത്. തീവ്ര വൈകാരിക നിലവിളിയെ അല്ലെങ്കിൽ വിലാപത്തെയാണ് ഇവിടെ ദു:ഖം കൊണ്ട് അർത്ഥമാക്കുന്നത്.

അപ്പാ... എന്ന് നിലവിളിച്ചു കരയുന്ന ഒരു പെൺകുട്ടി എന്റെ ഓർമയിൽ വരുന്നു. ചില നാളുകൾക്കു മുമ്പ് ഒരു വലിയ തെറ്റ് സംഭവിച്ച ആ മകൾ അവളുടെ അപ്പന്റെ മുമ്പിൽ കടന്നുവന്ന് അനുതാപത്തോടെ കരയുന്ന ആ രംഗം കണ്ടുനിന്ന എന്റെ കണ്ണുകളെപ്പോലും ഈറനണിയിച്ചിരുന്നു. തെറ്റ് വളരെ ഗുരുതരമെങ്കിലും അഗാധമായ സ്നേഹം നിമിത്തം മകളെ തള്ളിക്കളയാതെ ആലിംഗനം ചെയ്ത പിതാവിന്റെ കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. അത് എന്നെ ഓർമ്മപ്പെടുത്തിയത് 'അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു'എന്ന വാക്യമാണ്(സങ്കീർത്തനം 103:13). നമ്മുടെ കുറിവാക്യത്തിൽ പറയുന്ന ദു:ഖം ഇപ്രകാരമുള്ള ഒരു നിലവിളിയാണ്. തെറ്റ് സംഭവിച്ചതിന്റെ അഗാധമായ വേദനയിൽ നിന്ന് ഉയർന്നുവരുന്ന വിലാപമാണ്. ദൈവത്തിൽ നിന്നുള്ള ആശ്വാസത്തെക്കുറിച്ച് ആണല്ലോ ഈ വാക്യം

പറയുന്നത്. അങ്ങനെയെങ്കിൽ ഈ ദു:ഖം ദൈവത്തെ വേദനിപ്പിച്ചതിന്റെ പേരിൽ ഉള്ള ദു:ഖം തന്നെയാണ് എന്ന് മനസ്സിലാക്കാം. നാം എല്ലാവരും പാപസംബന്ധമായി ദൈവത്തെ വേദനിപ്പിച്ചവരും നിത്യദു:ഖത്തിന് കീഴിലുമായിരുന്നു..

അതേ, പ്രിയരേ നാം പാപം ചെയ്തു ദൈവത്തെ ദു:ഖിപ്പിച്ചവരും ദു:ഖിപ്പിച്ചു കൊണ്ടിരിക്കുന്നവരുമാണ്. നഷ്ടപ്പെട്ടുപോയ തേജസ്സിലേക്കുള്ള മടക്കയാത്രയിലാണ് നാം. ഇവിടെ പരാമർശിച്ചിരിക്കുന്ന ദു:ഖം പാപത്തെക്കുറിച്ചുള്ള സമ്പൂർണ്ണ ബോധ്യം പ്രകടമാകുമ്പോൾ ഒരു വ്യക്തിക്ക് ഉണ്ടാവുന്ന ഹൃദയത്തകർച്ചയാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ വീണ്ടും ജനിച്ചവർക്ക് മാത്രം ഉളവാകുന്ന വേദനയാണിത്. സ്വയനീതിയിൽ ഊറ്റംകൊള്ളുന്നവർ ആരും ഈ ദു:ഖം മറച്ചു വയ്ക്കുന്നു. എന്നുമാത്രമല്ല ദൈവത്തിന്റെ നീതി അന്വേഷിക്കുന്നതും ഇല്ല. ദൈവത്തിന്റെ നീതിയുടെയും വിശുദ്ധിയുടെയും മുമ്പിൽ പാപിയായ ഒരു മനുഷ്യന്റെ തകർച്ചയാണ് യഥാർത്ഥത്തിൽ ഈ വേദന.ഇതാണ് പാപിയായ എന്നെ വിട്ടുപോകണമേയെന്നുള്ള പത്രോസിന്റെ നിലവിളി.

'ദൈവഹിതപ്രകാരമുള്ള അനുതാപം രക്ഷയിലേയ്ക്ക് നയിക്കുന്ന മാനസാന്തരം ഉളവാക്കുന്നു; അതിനെപ്പറ്റി ഖേദിക്കേണ്ടി വരുന്നില്ല. ലോകത്തിന്റെ ദു:ഖമോ മരണത്തെ ഉളവാക്കുന്നു' (2 കൊരിന്ത്യർ 7:10). ലോകത്തിലുള്ള ഏത് ദു:ഖവും ദൈവത്തെ അറിഞ്ഞവർക്ക് ഒരു ദു:ഖമേ അല്ല, കാരണം നാം ദൈവത്തിന്റെ പരമാധികാരത്തിന് കീഴിലാണ് വസിക്കുന്നത്. എന്നാൽ യഥാർത്ഥ ദു:ഖം പാപത്തെക്കുറിച്ച് ആയിരിക്കണം.

ഈ വിധം 'ദു:ഖിക്കുന്നവർക്ക് ആശ്വാസം' ലഭിക്കും എന്നാണ് യേശുവിന്റെ വാഗ്ദാനം. 'ആശ്വാസം' എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദത്തിനർത്ഥം 'അരികിൽ വിളിക്കുക, ആശ്വസിപ്പിക്കുക അല്ലെങ്കിൽ പ്രബോധിപ്പിക്കുക'എന്നാണ്. വചനം പറയുന്നു, 'ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല' (സങ്കീർത്തനങ്ങൾ 51:17).

ദൈവത്തോടും അപ്പനോടും ഞാൻ പാപം ചെയ്തു, ഇനി മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല എന്നു പറഞ്ഞുകൊണ്ട് ഭവനത്തിലേക്ക് മടങ്ങിപ്പോകുന്ന ധൂർത്തുപുത്രനെപ്പോലെ, ദു:ഖത്തോടെ അപ്പന്റെ അടുക്കലേക്ക് മടങ്ങിച്ചെല്ലുന്ന ധൂർത്തുമക്കളാണ് നാമോരോരുത്തരും. ഇവിടെ പറയുന്ന ദു:ഖം അനുഭവിക്കുന്നവർ പാപത്തിന്റെ മലിനാവസ്ഥയിൽ സ്നേഹസമ്പന്നനായ ദൈവത്തെ നോക്കി അനുതാപത്തോടെ നിലവിളിക്കുന്നവരാണ്. അവരെ ദൈവം ആശ്വസിപ്പിച്ചുകൊണ്ടിരിക്കുകയും, ക്രിസ്തുവിനോട് അനുരൂപരാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തുവിങ്കലേക്ക് നമ്മുടെ കണ്ണുകൾ പതിഞ്ഞാൽ നാം നിത്യയുടെ തീരം എത്തും വരെ വരുന്ന വീഴ്ചകളിൽ ദു:ഖം അനുഭവിച്ചുകൊണ്ടിരിക്കുകയും ആശ്വാസം ദൈവത്തിൽ നിന്ന് പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ക്രിസ്തുവിനെ നോക്കി യാത്ര ചെയ്യുന്ന നമുക്ക് ഇഹലോകത്തിൽ ദൈവം വെച്ചിരിക്കുന്ന ശുദ്ധീകരണ പാതയുടെ അനിവാര്യത മനസ്സിലാക്കുവാൻ, നമ്മിൽ വസിക്കുന്ന പാപപ്രകൃതിയുടെ വാഴ്ചയും നമ്മുടെ നിസ്സഹായതയും ബോധ്യപ്പെടുത്തി, ക്രിസ്തുവിൽ നമ്മെ തികഞ്ഞവരാക്കുന്ന ദൈവിക പദ്ധതിയുടെ ഭാഗമാണ് ഈ ദു:ഖം. അതെ, ഇപ്രകാരം ദു:ഖത്തോടും തകർന്ന മനസ്സോടും യേശുവിന്റെ അടുക്കലേക്ക് ഓടി വരുന്നവരെ അവിടുന്ന് ആശ്വസിപ്പിക്കുന്നു. യേശു നമ്മെ പഠിപ്പിക്കുന്നത്, പാപത്തെക്കുറിച്ചും ആത്മീയ ദാരിദ്ര്യത്തെക്കുറിച്ചും മറ്റുള്ളവരുടെ വേദനകളക്കുറിച്ചും ആത്മാർത്ഥമായി വിലപിക്കുന്നവർ ദൈവത്താൽ ആശ്വസിപ്പിക്കപ്പെടുമെന്നാണ്. ഇത് ഉപരിപ്ലവമോ താത്കാലികമോ ആയ ആശ്വാസമല്ല, മറിച്ച് ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നും വീണ്ടെടുപ്പിന്റെ വാഗ്ദാനത്തിൽ നിന്നും ലഭിക്കുന്ന ആഴമേറിയ ഉറപ്പാണ്.

നിത്യമായി നമ്മുടെ ദു:ഖത്തെ നീക്കുന്ന ഒരു ദിനം അവൻ നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു: 'അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു' (വെളിപ്പാട് 21:45).

ഈ വാഗ്ദത്തങ്ങളായിരിക്കണം നമ്മുടെ മരുപ്രയാണത്തിന്റെ ഫോക്കസ്. അങ്ങനെ ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും ജീവിതത്തെ സൂക്ഷിച്ചാൽ, വിശുദ്ധീകരിക്കപ്പെട്ടവരായി ദു:ഖവും കണ്ണുനീരും മുറവിളിയും ഇല്ലാത്ത ലോകത്ത്, തേജസ്സിൽ ക്രിസ്തുയേശുവിനോടൊപ്പം യുഗായുഗം ആയിരിക്കുവാൻ സാധിക്കും. അതിനായി നമുക്ക് പിമ്പിലുള്ളതെല്ലാം മറന്നു മുമ്പിലുള്ള പരമവിളിയുടെ ലാക്കിലേക്കു പ്രത്യാശയോടെ ഓടാം. ●



സുജ വിനു




# നൃത്തമായി മാറിയ വിലാപം

*'നീ എന്റെ വിലാപത്തെ എനിക്ക് നൃത്തമാക്കി തീർത്തു. എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു' (സങ്കീർത്തനം 30 : 11).*

**ചി**ല പ്രഭാതങ്ങൾ അങ്ങനെയാണ്. സൂര്യൻ പടിഞ്ഞാറ് ഉദിച്ചതായി തോന്നും. എല്ലാം നേർവിപരീതം... ഒന്നും ചെയ്യാൻ കഴിയാത്ത, എന്ത് ചെയ്തിട്ടും കാര്യമില്ലാത്ത സന്ദർഭങ്ങൾ.. മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊള്ളുവിൻ (സങ്കീർത്തനങ്ങൾ 46:10) എന്ന വചനം ഓർമ്മിച്ച് ദൈവസന്നിധിയിൽ അനങ്ങാതിരിക്കാൻ, നിന്റെ ആകുലങ്ങൾ എന്റെ മേൽ ഇട്ടുകൊൾവിൻ ( സങ്കീർത്തനങ്ങൾ 55:28) എന്നതിൻ പ്രകാരം എല്ലാ ചിന്തകളെയും അവന്റെ മേൽ ഇടാൻ...ഒക്കെ ശ്രമിച്ചു കൊണ്ട് പ്രാർത്ഥനാമുറിയിൽ വെറുതെ ഇരുന്നു.

ആദ്യം മുന്നിൽ വന്നുപെട്ടത് എഡിത്ത് ബിൽബർ എന്ന ഒരു ഇംഗ്ലീഷ് വനിതയുടെ ജീവകഥയാണ്. 93 വയസ്സിൽ 2020 ൽ മരണമടഞ്ഞ എഡിത്ത് തന്റെ ആറു വയസ്സ് മുതലുള്ള 87 വർഷത്തെ പ്രാർത്ഥനാജീവിതത്തെക്കുറിച്ചാണ് പങ്കുവെക്കുന്നത്. 63 വയസ്സ് വരെ വിവിധ ഫാക്ടറികളിൽ പല ജോലികൾ ചെയ്യുകയും 61 വർഷത്തെ സന്തുഷ്ട ദാമ്പത്യത്തിൽ മക്കളെയും കൊച്ചുമക്കളിൽ പലരെയും ദൈവവേലക്കാരാക്കുകയും ചെയ്ത എഡിത്തിന്റെ ജീവിതമാതൃക പ്രചോദനകരമായിരുന്നു.

ഒരു പ്രാർത്ഥനാ ഡയറി ഉണ്ടാക്കി, ദിവസവും എത്ര മണിക്കൂർ പ്രാർത്ഥിക്കുന്നു എന്നത് ഉറപ്പാക്കി, ഭവനസന്ദർശനങ്ങൾ നടത്തിയും സ്വന്തം വീട്ടിൽ വചനപഠന ക്ലാസുകൾ സംഘടിപ്പിച്ച് സുവിശേഷത്തിന്റെ വ്യാപനത്തിനു വേണ്ടി അധ്വാനിക്കുകയും ചെയ്ത വനിത. അവരെക്കുറിച്ച് അനുസ്മരിച്ച് എഴുതിയിരിക്കുന്നവരെല്ലാം അവരുടെ പ്രാർത്ഥനാജീവിതത്തെയും വശ്യമായ സ്വഭാവത്തെയും ഒരുപോലെ പ്രശംസിച്ചു പറഞ്ഞിരിക്കുന്നു.

എഡിത്ത് ഒരു വിദേശ വനിത ആയതുകൊണ്ട് അവർക്ക് കുറെക്കൂടെ സാധ്യതകളും സ്വാതന്ത്ര്യവും അക്കാലത്ത് ഉണ്ടായിരുന്നിരിക്കും എന്നൊക്കെ വിചാരിച്ച് അവരുടെ പരിശ്രമങ്ങളെ കുറച്ചൊന്ന് ചെറുതായി കാണാൻ തുടങ്ങുമ്പോഴാണ് രണ്ടാമത്തെ ജീവചരിത്രം 'ഞങ്ങളുടെ അമ്മച്ചി' എന്ന പേരിൽ പച്ച മലയാളത്തിൽ കയ്യിൽ കിട്ടുന്നത്. 1901 ൽ മല്ലപ്പള്ളിയിൽ ജനിച്ച് 96 ൽ മരിക്കുന്നത് വരെയുള്ള ജീവകാലം കർത്താവിനായി ജാഗരിച്ച അന്നാമ്മ മത്തായി എന്ന വ്യക്തിയെ കുറിച്ചാണ് മകൾ 'ഞങ്ങളുടെ അമ്മച്ചി' എന്ന പുസ്തകത്തിൽ എഴുതുന്നത്. അചഞ്ചലമായ വിശ്വാസത്തോടെ ദൈവഹിതം മാത്രം തന്റെ ജീവിതത്തിൽ

നടക്കണം എന്ന വാഞ്ചയോടെ ജീവിച്ച അന്നാമ്മ ഉദരസംബന്ധമായ രോഗം വിട്ടുമാറാതെ പിടികൂടിയിട്ടും, വീടുകൾ തോറും സഞ്ചരിച്ച് വചനം പങ്കുവെച്ച ഒരു വ്യക്തിയാണ്. കഠിന വേദനയുടെ ദിവസങ്ങളിലൂടെ കടന്നുപോയ അന്നാമ്മ 'കർത്താവ് ഏറ്റ അടികൾ ഞാനിപ്പോൾ ഏൽക്കുന്നു' എന്ന വാചകം ഉരുവിട്ടതിനുശേഷം ആണ് മരിച്ചത് എന്നു പുസ്തകം പറയുന്നു.

ജനിച്ച ദേശം, ശാരീരികാവസ്ഥ, സാമ്പത്തിക സൗകര്യങ്ങൾ ഇവയൊന്നും ദൃഢനിശ്ചയമുള്ള ഒരു വ്യക്തിയെ താൻ സ്ത്രീയാണ് എന്ന് പരിമിതപ്പെടുത്തുന്നില്ല. പ്രൈമറി സ്കൂൾ അധ്യാപിക ആയിരുന്ന അന്നാമ്മ ടീച്ചർ ഉല്പത്തി മുതലുള്ള വേദപുസ്തകഭാഗങ്ങൾ ചെറിയ ചെറിയ കഥകളായി കുട്ടികളെ പഠിപ്പിച്ചിരുന്നതായും ബൈബിൾ വാക്യങ്ങൾ മന:പ്പാഠമാക്കി അത് കുട്ടികളെ ചൊല്ലി പഠിപ്പിച്ചിരുന്നതായും യേശുവിന്റെ അത്ഭുതങ്ങളും ഉപമകളും രസകരമായി അവതരിപ്പിച്ചിരുന്നതായും കുട്ടികൾ സാക്ഷ്യപ്പെടുത്തുന്നു. മക്കളുടെ വിവാഹം നടക്കാത്ത ഭവനങ്ങൾ, കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതിമാർ, കടഭാരമുള്ളവർ ഇവരെയൊക്കെ ഓർത്ത് പ്രത്യേകം പ്രാർത്ഥിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് പുസ്തകത്തിൽ.

ജീവിതത്തിൽ ദൈവം നടത്തിയതിന്റെ, ദൈവിക വിടുതലിന്റെ ഒക്കെ അനേകം അത്ഭുത സാക്ഷ്യങ്ങളും ഉണ്ട്. ക്ഷാമകാലത്ത് മണ്ണെണ്ണ തീർന്നു പോയ ഒരു ദിവസം, പ്രാർത്ഥിച്ചിട്ട് ജോലിക്ക് പോയി തിരികെ വന്നപ്പോൾ അടുത്ത വീട്ടിൽ മണ്ണെണ്ണ വാങ്ങിയത് അവർക്ക് എവിടെയോ പോകേണ്ടി വന്നതിനാൽ വീടിന്റെ വാതുക്കൽ വച്ചിരുന്നത്... അവധിയെടുത്ത് സുവിശേഷവേല ചെയ്തുകൊണ്ടിരുന്ന ഒരു ദിവസം, യാദൃശ്ചികമായി സ്കൂളിൽ എത്താനും രേഖകൾ പരിശോധിക്കാനും ഇടയായെന്നും, ആ ദിവസം തന്നെ തിരിച്ച് ജോയിൻ ചെയ്തില്ലെങ്കിൽ അധ്യാപക ലൈസൻസ് നഷ്ടമാകുമായിരുന്നു എന്നും... എന്നിങ്ങനെ ചെറുതും വലുതുമായ ദൈവീക കരുതലിന്റെ സാക്ഷ്യങ്ങൾ.

റിട്ടയർമെന്റിനുശേഷം തന്റെ ഭവനം ഒരു പൂർണ്ണസമയ പ്രാർത്ഥനാലയമായും വചന പഠന കേന്ദ്രമായും മാറ്റി. 19 ാം വയസ്സിൽ രണ്ടു മക്കളുടെ പിതാവായ, 38 വയസ്സുള്ള ഒരു വിഭാര്യനുമായി വിവാഹം നിശ്ചയിക്കപ്പെട്ടതിന്റെ വേദനയെക്കുറിച്ചും പറയുന്നുണ്ട്. എന്നാൽ പ്രാർത്ഥിച്ചപ്പോൾ അത് ദൈവഹിതം ആണെന്ന് വെളിപ്പെട്ടതിനാൽ കൃപയോടെ ആ രണ്ട് പെൺമക്കളെയും സ്വന്തം കുട്ടികളെപ്പോലെ കരുതി സംരക്ഷിക്കുവാൻ കഴിഞ്ഞു. 36 വയസ്സിൽ വിധവ ആയപ്പോഴും ദൈവാശ്രയത്തോടെ അനേകരുടെ ആത്മീയ വർധനയ്ക്കായുള്ള പരിശ്രമങ്ങളിൽ മുൻപോട്ടു പോകുവാൻ കഴിഞ്ഞു. അക്രൈസ്തവരായ പലരും അന്നാമ്മ നടത്തിയിരുന്ന പ്രാർത്ഥനാക്കൂട്ടങ്ങളിൽ പങ്കെടുത്തിരുന്നു.

രോഗക്കിടക്കയിൽ, തന്നെ ശുശ്രൂഷിക്കാൻ വന്ന മറ്റു മതങ്ങളിലുള്ളവരോട് സുവിശേഷം പറയുവാനും ഒരുമിച്ച് വചനം വായിക്കാനും പ്രാർത്ഥിക്കാനും ഈ വനിത ശ്രദ്ധിച്ചിരുന്നു. ദൈവം സ്നേഹിക്കുന്ന കുഞ്ഞുങ്ങളെ കഷ്ടങ്ങളിലും പ്രയാസങ്ങളിലും കൂടെ കടത്തുന്നു എന്ന ഉറച്ച വിശ്വാസത്തിൽ നഷ്ടങ്ങളെ സാധ്യതയോടെ നേരിടാൻ തനിക്ക് കഴിഞ്ഞതായി പുസ്തകത്തിൽ പറയുന്നുണ്ട്.

ഈ രണ്ടു വ്യക്തികളും ഒരു തൊഴിലും ചെയ്യാതിരുന്നവരോ വീട്ടുത്തരവാദിത്തങ്ങൾ ഇല്ലാതിരുന്നവരോ അല്ല. അവരുടെ ജീവിത സാഹചര്യത്തിൽ ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കണമെന്ന് അദമ്യമായ ആഗ്രഹവും ഉറച്ച ബോധ്യവും ഉള്ളവരായിരുന്നു എന്ന് മാത്രം. ഇന്ന് എത്ര മെച്ചപ്പെട്ട പശ്ചാത്തലമാണ് ഉള്ളതെന്ന് ചിന്ത പ്രാർത്ഥനയിലും വചന പഠനത്തിലും പിന്നെയും ഏകാഗ്രതയോടെ മുന്നേറാൻ എനിക്ക് പ്രചോദനമായി. പ്രാർത്ഥനാക്കുറിപ്പുകളും മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകളും സജീവമാക്കി. കൂടുതൽ സമയം ആ പാദത്തിലിരിക്കാൻ ഉത്സാഹം വർദ്ധിച്ചു.

ചില സായാഹ്നങ്ങൾ അങ്ങനെയാണ്. അസ്തമയ സൂര്യന് കൂടുതൽ ചന്തം തോന്നും. എല്ലാം മനോഹരമായി അനുഭവപ്പെടും. പ്രിയ സഹോദരിമാരെ, നമ്മുടെ ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല. 'സകലതും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നവന്റെ' (റോമർ 8 :28) അരികിലേക്ക് ഓടി അണയാൻ, അവിടുന്ന് നടത്തുന്ന വഴികളിലൂടെ നടക്കാൻ, നാം തയ്യാറാകുമ്പോൾ പ്രതിസന്ധികളെല്ലാം ഹിമ കണം പോലെ ഉരുകി അലിയുന്നതും മനസ്സ് പ്രശോഭിതമാകുന്നതും അനുഭവിച്ചറിയുവാൻ കഴിയും. ഇരുൾ, വെളിച്ചത്തിന്റെ നാന്ദി എന്നപോലെ, നോവ് ആനന്ദത്തിന്റെ മുൻകുറിയെന്ന പോലെ... ദൈവസന്നിധിയിൽ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം •



## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ

ജോയ് എം. തോമസ്

# മരിച്ചവരുടെ പുനരുത്ഥാനം

*പുനരുത്ഥാനം ഇല്ല എന്നു പറയുന്ന സദൂക്യരും അന്ന് അവന്റെ അടുക്കൽ വന്നു: ഗുരോ, ഒരുത്തൻ മക്കൾ ഇല്ലാതെ മരിച്ചാൽ അവന്റെ സഹോദരൻ അവന്റെ ഭാര്യയെ ദേവരവിവാഹം കഴിച്ചു തന്റെ സഹോദരനു സന്തതിയെ ജനിപ്പിക്കേണം എന്നു മോശെ കല്പിച്ചുവല്ലോ. എന്നാൽ ഞങ്ങളുടെ ഇടയിൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു. അവരിൽ ഒന്നാമത്തവൻ വിവാഹം ചെയ്തശേഷം മരിച്ചു, സന്തതി ഇല്ലായ്കയാൽ തന്റെ ഭാര്യയെ സഹോദരനു വിട്ടേച്ചു. രണ്ടാമത്തവനും മൂന്നാമത്തവനും ഏഴാമത്തവൻവരെയും അങ്ങനെതന്നെ. എല്ലാവരും കഴിഞ്ഞിട്ട് ഒടുവിൽ സ്ത്രീയും മരിച്ചു. എന്നാൽ പുനരുത്ഥാനത്തിൽ അവൾ എഴുവരിൽ ആർക്കു ഭാര്യയാകും? എല്ലാവർക്കും ആയിരുന്നുവല്ലോ എന്നു ചോദിച്ചു. അതിനു യേശു ഉത്തരം പറഞ്ഞതു: നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ ദൈവം അരുളിച്ചെയ്തിരിക്കുന്നതു നിങ്ങൾ വായിച്ചിട്ടില്ലയോ? ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു; എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ. പുരുഷാരം ഇതു കേട്ടിട്ട് അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു (മത്തായി 22:23 33)*

യേശുകർത്താവിന്റെ ഭൂമിയിലെ ശുശ്രൂഷാകാലയളവിൽ യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന നേതൃനിരയിലെ രണ്ട് പ്രബല ഗ്രൂപ്പുകൾ ആയിരുന്നു പരീശന്മാരും സദൂക്യരും. ഇവരുടെ വിശ്വാസങ്ങളിലും ആചാരങ്ങളിലും രാഷ്ട്രീയ അധികാരത്തിലും വ്യത്യസ്തത ഉണ്ടായിരുന്നു. പരീശന്മാർ മോശെ മുഖാന്തരം നൽകപ്പെട്ട ന്യായപ്രമാണത്തിലും പാരമ്പര്യങ്ങളിലും വിശ്വസിക്കുകയും കൃത്യമായി ന്യായപ്രമാണം പ്രമാണിക്കുന്നവർ എന്ന് അവകാശപ്പെടുകയും ചെയ്തിരുന്നു.

പുരോഹിതവർഗ്ഗം ഉൾപ്പെട്ടിരുന്നത് സദൂക്യ വിഭാഗത്തിലാണ്. റോമൻ അധികാരികളോട് സഹകരിച്ച് വന്നതിനാൽ രാഷ്ട്രീയമായി സ്വാധീനവും അധികാരങ്ങളും അവർക്കുണ്ടായിരുന്നു. ഒരുപക്ഷേ പരമോന്നത കൗൺസിലായ ‘സന്നിദ്രീമിലും’ അവർക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നിരിക്കണം. സദൂക്യർ മോശെയുടെ പഞ്ചഗ്രന്ഥങ്ങളെ അഥവാ ‘തോറ’ (ഉല്പ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം) ആണ് തിരുവെഴുത്തായി അംഗീകരിച്ചിരുന്നത്. മരിച്ചവരുടെ പുനരുത്ഥാനത്തിൽ പരീശന്മാർ വിശ്വസിച്ചിരുന്നു. എന്നാൽ സദൂക്യർ വിശ്വസിച്ചിരുന്നില്ല. മരിച്ചവരുടെ പുനരുത്ഥാനം എന്ന തർക്കവിഷയവുമായാണ് അവർ യേശുകർത്താവിന്റെ അടുക്കൽ വന്നത്.

സദൂക്യർ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല, അഥവാ മരണം കൊണ്ട് എല്ലാം അവസാനിച്ചു എന്ന അവരുടെ വിശ്വാസം സ്ഥാപിക്കുവാനുള്ള ശ്രമമായി ഒരു കഥ ആവിഷ്കരിച്ചു കൊണ്ടാണ് അവരുടെ വിഷയം യേശുവിനോട് അവതരിപ്പിച്ചത്. മോശെ മുഖാന്തരം കൊടുത്ത നിയമങ്ങളിൽ ദൈവം മനുഷ്യരുടെ വംശവർദ്ധനവിന് പ്രാധാന്യം കൊടുത്തിരുന്നു. അതിനാൽ ഒരു വ്യക്തി മക്കളില്ലാതെ

കർത്താവ് അവരുടെ അജ്ഞതയാണ് ചൂണ്ടിക്കാണിക്കുന്നത്. തിരുവെഴുത്ത് വായിക്കുന്നവരെങ്കിലും ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ഇന്നും അനേകർക്ക് സംഭവിക്കുന്ന തെറ്റ് അതുതന്നെയാണ്. അജ്ഞത വലിയ ഒരു പ്രശ്നമാണ്. തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കയാൽ അവർ തെറ്റിപ്പോയി. തിരുവെഴുത്തിൽ കൂടിയാണ് ദൈവത്തെയും ദൈവത്തിന്റെ പ്രവർത്തിയെയും സകലവും പ്രവർത്തിക്കുന്ന അവിടുത്തെ വ്യാപാരശക്തിയെയും അറിയുന്നത്.

സദൂക്യർ തിരുവെഴുത്തായി അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന 'തോറാ'യുടെ ഭാഗമായ പുറപ്പാട് 3:6 ൽ ദൈവം മോശെയ്ക്കു വെളിപ്പെട്ട് അരുളിച്ചെയ്തത്, 'ഞാൻ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിന്റെ പിതാവിന്റെ ദൈവമാകുന്നു'. ഈ വചനത്തിൽ തന്നെ പുനരുത്ഥാനം എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മരിച്ച് ഇല്ലാതെ ആയിപ്പോയവരുടെ ദൈവം എന്ന് ദൈവം പറയുകയില്ല. മറിച്ച്, ജീവനുള്ളവരുടെ ദൈവമാണ്. അബ്രഹാമും ഇസ്ഹാക്കും യാക്കോബും എല്ലാം ദൈവതിരുമുമ്പാകെ ജീവനോടെ തന്നോടൊപ്പം ഇരിക്കുന്നവരാണ്. പുനരുത്ഥാനത്തിന്റെ പൊൻപുലരിയിൽ അവർ പുനരുത്ഥാനം പ്രാപിക്കും. അതുകൊണ്ട് ദൈവം 'ഞാൻ അവരുടെ ദൈവമായിരുന്നു എന്നല്ല 'ആകുന്നു' എന്ന വർത്തമാന കാല (present tense) പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

ദൈവത്തെ മനസ്സിലാക്കുവാൻ അവർ പരാജയപ്പെട്ടതുകൊണ്ട്, മരിച്ചവരെ ഉയിർപ്പിക്കുന്നതിന് ദൈവം ശക്തനാണ് എന്നു ഗ്രഹിക്കുവാനും വിശ്വസിക്കുവാനും അവർക്ക് കഴിഞ്ഞില്ല. മരിച്ച് മൺമറഞ്ഞു പോയി എന്നാണ് സദൂക്യർ ചിന്തിച്ചത്. മണ്ണോട് മണ്ണായിത്തീർന്നവർ ഉയിർക്കുന്നത് എങ്ങനെ എന്നുള്ളത് അവർക്ക് ഉത്തരം കിട്ടാത്ത ചോദ്യമായി. പൗലോസ് അപ്പൊസ്തലൻ പ്രകൃതിയിൽ നിന്നുതന്നെ അതിന് തെളിവ് നൽകുന്നു (1 കൊരിന്ത്യർ 15: 3538). മണ്ണിൽ വീണു ചാകുന്ന വിത്തിൽ നിന്നും ഒരു പുതിയ സസ്യം മുളയ്ക്കുന്നതുപോലെ, മണ്ണിൽ അലിഞ്ഞുചേർന്ന മനുഷ്യ ശരീരത്തിൽ നിന്നും, ഒരു പുതിയ ശരീരത്തിൽ മനുഷ്യൻ ഉയിർക്കും എന്നത് സത്യമാണ്. മരിച്ചവരെ ഉയിർപ്പിക്കുവാൻ ദൈവം ശക്തൻ. ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല. മരണത്തിനപ്പുറത്തുള്ള ജീവിതത്തിൽ മരിച്ചാൽ ആ വ്യക്തിയുടെ ഭാര്യയെ മരിച്ച ആളുടെ സഹോദരൻ വിവാഹം കഴിക്കുകയും, ആദ്യം ജനിക്കുന്ന മകനെ, മരിച്ച വ്യക്തിയുടെ പേർ നിലനിർത്തുവാൻ അദ്ദേഹത്തിന്റെ പേർ ആ കുട്ടിക്ക് ഇടണം എന്ന വ്യവസ്ഥയും ചെയ്തിരുന്നു (ആവർത്തനം 25 5,6).

സദൂക്യർ പറയുന്ന കഥയിലെ വ്യക്തി, മക്കളില്ലാതെ മരിച്ചുപോയി. അവന്റെ സഹോദരൻ മോശെ കൽപ്പിച്ച 'സഹോദരധർമ്മ' പ്രകാരം മരിച്ചുപോയ വ്യക്തിയുടെ ഭാര്യയെ വിവാഹം കഴിച്ചു. എന്നാൽ ഒരു പുത്രൻ ജനിക്കുന്നതിന് മുമ്പ് അവനും മരിച്ചുപോയി. പിന്നെ ശേഷിച്ച 5 സഹോദരന്മാരും ഈ സ്ത്രീയെ വിവാഹം കഴിച്ചു. എങ്കിലും ഓരോരുത്തരും പുത്രന്മാർ ഇല്ലാതെ മരിച്ചുപോയി. അവസാനം സ്ത്രീയും മരിച്ചു. പുനരുത്ഥാനത്തിൽ ഇവരിൽ ആരുടെ ഭാര്യ ആയിരിക്കും ഈ സ്ത്രീ എന്നാണ് സദൂക്യരുടെ കുടുക്കുചോദ്യം. ദൈവവചനത്തെ തങ്ങളുടെ വിശ്വാസം സ്ഥാപിക്കുന്നതിനു വേണ്ടി വളച്ചൊടിക്കുന്നതിന് നല്ല ഒരു ഉദാഹരണം.

വചനം ഗ്രഹിച്ച് തെറ്റായ വിശ്വാസം തിരുത്തി സത്യമായതിൽ വിശ്വസിക്കുവാനല്ല പലരും ശ്രമിക്കുന്നത്. പ്രത്യുത, അവരവരുടെ വിശ്വാസത്തിന് ഒത്തവണ്ണം വചനത്തെ വ്യാഖ്യാനിക്കുവാനാണ് ശ്രമിക്കുന്നത്. ഇത് എത്ര ഭോഷത്തമാണെന്നു പലരും ചിന്തിക്കുന്നില്ല. ഈ തെറ്റ് ചെയ്യാതിരിക്കുവാൻ നമുക്ക് നമ്മെത്തന്നെ സൂക്ഷിക്കാം. സത്യവചനത്തിന് അനുസരണമായി തിരുത്തലുകൾ വരുത്തുവാൻ നമുക്ക് കഴിയട്ടെ. നമ്മുടെ വിശ്വാസം വചനാനുസരണമുള്ള നിർമ്മല വിശ്വാസം ആയിരിക്കട്ടെ.

കർത്താവ് സദൂക്യർക്കു കൊടുത്ത മറുപടി ശ്രദ്ധിക്കുക: 'നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിന് കൊടുക്കപ്പെടുന്നതുമില്ല. സ്വർഗ്ഗത്തിലെ ദൂതന്മാരെ പോലെ അത്രേ ആകുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് ദൈവം അരുളിച്ചെയ്തിരിക്കുന്നത് നിങ്ങൾ വായിച്ചിട്ടില്ലയോ? ഞാൻ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു, എന്നാൽ അവൻ മരിച്ചവരുടെ ദൈവം അല്ല, ജീവനുള്ളവരുടെ ദൈവമത്രേ'.

വിശ്വസിക്കുന്നവർക്ക് മാത്രമേ, ഈ ജീവിതത്തിൽ സ്രഷ്ടാവും ഉടയവനുമായ ദൈവത്തിന്റെ ഇഷ്ടം ഗ്രഹിച്ച് ജീവിക്കുവാൻ കഴിയുകയുള്ളൂ.

ഇപ്പോൾ നമ്മുടെ മർത്യശരീരത്തിലുള്ള ജീവിതത്തിൽ നിന്ന് വ്യത്യസ്തമാണ് പുനരുത്ഥാന ശരീരത്തിലുള്ള അഥവാ അമർത്യശരീരത്തിലുള്ള നമ്മുടെ ജീവിതം. മർത്യശരീരത്തിലുള്ള ജീവിതത്തിൽ വിവാഹം ദൈവത്താൽ നിയമിതമായതാണ്. അതിനാൽ ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ച്, സന്താനോൽപാദനത്തിന് ശക്തി നൽകി അനുഗ്രഹിച്ചിരിക്കുന്നു. എത്ര തലമുറകളാണ് ദൈവം വിഭാവന ചെയ്തിരിക്കുന്നത് അത്രയും തലമുറകൾ ഉണ്ടാവും വരെ മനുഷ്യൻ വിവാഹം കഴിച്ചും, വിവാഹത്തിന് കൊടുത്തുമുള്ള സാധാരണ ജീവിതം തുടരും. തലമുറകൾ അവസാനിക്കുമ്പോൾ ലോകാവസാനവും ആണ്.

കർത്താവിന്റെ മടങ്ങിവരവിങ്കൽ പുനരുത്ഥാനം സംഭവിക്കുന്നു. ക്രിസ്തുവിൽക്കൂടി രക്ഷ പ്രാപിച്ചിരിക്കുന്നവരുടെ കൃത്യമായ കണക്ക് ദൈവത്തിനുണ്ട്. അത് തന്നോടൊപ്പം വസിക്കുവാൻ ദൈവം തിരഞ്ഞെടുത്തിരിക്കുന്നവരുടെ കൃത്യമായ കണക്കാണ്. അത് പൂർണ്ണത ഉള്ളതും ആണ്. മരണം ഇല്ലാത്തതുകൊണ്ട് ജനനപ്രക്രിയയും ആവശ്യമില്ല. അതുകൊണ്ട് വിവാഹവും ആവശ്യമില്ല. എല്ലാവരും ദൈവദൂതന്മാരെ പോലെ ഓരോരുത്തരും അവരിൽത്തന്നെ പൂർണ്ണരായിരിക്കും. ഇവിടെ സ്ത്രീ പുരുഷ വ്യത്യാസം ഇല്ല. ലൈംഗിക വികാരങ്ങളോ സന്താനോൽപ്പാദനത്തിനുള്ള ശേഷിയോ പുനരുത്ഥാന ശരീരത്തിനു ആവശ്യമില്ല. എല്ലാവരും സഹോദരങ്ങളായി, ദൈവപിതാവിന്റെ മക്കളായി, ഒരു ഒറ്റ കുടുംബം എന്നപോലെ ഐക്യത്തിലും സ്നേഹത്തിലും തികഞ്ഞവരായി, നിത്യത ആനന്ദത്തോടെ അനുഭവിക്കും.

സദൂക്യരെപ്പോലെ മരണാനന്തര ജീവിതത്തിൽ പ്രതീക്ഷയും പ്രത്യാശയും അർപ്പിക്കാതെ ഈ ലോകജീവിതത്തിൽ മാത്രം ആശ ഉള്ളവരായി ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മറ്റ് എല്ലാവരിലും അരിഷ്ടന്മാരാണെന്ന് അഥവാ ഹതഭാഗ്യരാണെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു(1 കൊരിന്ത്യർ 15:19). മരണാനന്തര ജീവിതത്തിലും കർത്താവിന്റെ മടങ്ങിവരവിലും നമ്മുടെ പുനരുത്ഥാനത്തിലും വിശ്വാസവും പ്രത്യാശയും ഉറപ്പുമുള്ളവരായിരിക്കുവാൻ നമുക്കും ഇടയാകട്ടെ!

•

➤ 8

## തിരിച്ചറിവുകളുടെ വളർച്ച

ക്കുന്ന ദൈവത്തിന്റെ ഗുണവിശേഷമാണു വിശുദ്ധി!" വിശുദ്ധനായ ദൈവത്തെ കണ്ടുകഴിഞ്ഞ ഒരു പാപി, പിന്നെ കാണുന്നതു സ്വന്ത പാപത്തെയായിരിക്കും. പത്രോസ് യേശുവിൽ വിശുദ്ധനായ ദൈവത്തെ കണ്ടു; തുടർന്നു ദൈവത്തിന്റെ പ്രകാശത്തിൽ അവനെത്തന്നെ കണ്ടു. ദൈവത്തെ കാണുന്നതു ആവശ്യം; ദൈവത്തെ കാണേണ്ടതുപോലെ-അവന്റെ വിശുദ്ധിയിൽ-കാണേണ്ടത് അതിലും പ്രധാനം! എന്നാൽ, അതിലും പ്രധാനമാണു ദൈവത്തിന്റെ വിശുദ്ധിയുടെ പ്രകാശത്തിൽ നാം നമ്മെത്തന്നെ കാണുന്നത്.

നിത്യപ്രകാശമായ യേശുവിന്റെ ഉജ്ജ്വല ശോഭയിൽ അവനെത്തന്നെ കണ്ടപ്പോൾ പത്രോസ് അലറിക്കരഞ്ഞുകൊണ്ടു പറഞ്ഞു: കർത്താവേ, അങ്ങ് പരിശുദ്ധ ദൈവം...ഞാൻ കൊടുംപാപി... അങ്ങയുടെ സന്നിധിയിൽ നിൽക്കാൻ എനിക്കു കഴിയില്ല. ദയവായി എന്നെ വിട്ടു പോകണമേ! ശരിയായ പാപബോധമുണ്ടാകുമ്പോൾ നമുക്കു ദൈവത്തിന്റെ അടുത്തേക്കു ഓടിച്ചെല്ലാനല്ല, ദൈവത്തിൽനിന്ന് ഓടിയൊളിക്കാനേ തോന്നൂ. ഏദെൻതോട്ടത്തിൽ ഓരോ വൈകുന്നേരവും ദൈവം എഴുന്നള്ളുമ്പോൾ ആദമും ഹൗവ്വയും തന്റെ അടുത്തേക്കു ഓടിച്ചെല്ലുമായിരുന്നു. -പാപം ചെയ്യുന്ന ദിവസംവരെ! എന്നാൽ, പാപത്തിൽ വീണ ദിവസം വൈകുന്നേരം ദൈവമെത്തിയപ്പോൾ, പാപികളായിത്തീർന്ന ആദമും ഹൗവ്വയും ദൈവത്തിന്റെ അടുത്തേക്കു ഓടിച്ചെല്ലുകയല്ല, ദൈവത്തിൽനിന്നു ഓടിയൊളിക്കുകയാണു ചെയ്യുന്നത്! അവർ "ഭയപ്പെട്ട്" ഓടിയൊളിച്ചിരുന്നു! (ഉല്പത്തി. 3: 10).

പത്രോസിനും ഇവിടെ 'ഭയ'മാണ് എന്തുകൊണ്ട്? പരിശുദ്ധനായ ദൈവമാണു യേശുവിൽ എഴുന്നെള്ളിയിരിക്കുന്നത്. പാപിയായ തന്റെ മുന്നിലേക്കു ദൈവം എന്തിനു വന്നുനിൽക്കുന്നു. സ്വാഭാവികമായും അവനു ഒരു ഉത്തരമേയുള്ളൂ -തന്റെ പാപങ്ങളെ ശിക്ഷിക്കുവാൻ... താൻ പിടിക്കപ്പെട്ടുകഴിഞ്ഞുവെന്നു പത്രോസിനു മനസിലായി. ഇനി ഒന്നേ മുന്നിലുള്ളൂ-ശിക്ഷ! 'യേശുവേ, നീ ദൈവമാണെന്നും ഞാൻ പാപിയാ

ണെന്നും ഞാൻ അറിയുന്നു; എന്നെ ശിക്ഷിക്കരുതേ' എന്നാണു പത്രോസ് പറയുന്നത്! ശിക്ഷിക്കാൻ യോഗ്യതയുള്ളവനാണു മുന്നിൽ നിൽക്കുന്നത്! ഭാവി അവന്റെ കരങ്ങളിലാണ്. പത്രോസ് അലറിക്കരഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ! ശരിയായ പാപബോധമുണ്ടായാൽ– പാപത്തിന്റെ ശിക്ഷയെക്കുറിച്ചുള്ള തിരിച്ചറിവുണ്ടായാൽ– ആരും അലറിക്കരഞ്ഞുപോകും!

ഇന്നു ആളുകൾ കരയുന്നില്ലെങ്കിൽ അതിനർഥം, ആളുകൾക്കു പാപബോധമുണ്ടായിട്ടില്ല എന്നുതന്നെയാണ്. എങ്ങനെ പാപബോധമുണ്ടാകാൻ? ഇന്നു എല്ലാവരും "മീൻ കൊടുക്കുന്ന യേശു"വിനെക്കുറിച്ചു പ്രസംഗിച്ച് ആശീർവാദം പറഞ്ഞു പിരിയുന്നു...ജോലി കൊടുക്കുന്ന, പണം കൊടുക്കുന്ന, സെക്രട്ടറിയാക്കുന്ന യേശു. (അടുത്തിടെ ആരോ പറയുന്നതു കേട്ടു: " വാഗ്ദത്തമുണ്ടു ബ്രദറേ, എന്നെ ദൈവം ഈ സഭയുടെ സെക്രട്ടറിയാക്കുമെന്ന്. എന്റെ അപ്പച്ചൻ ഈ സഭയ്ക്കുവേണ്ടി ഒത്തിരി വിലകൊടുത്തതാ... ദൈവം മാനിക്കാതിരിക്കില്ല ബ്രദറേ... പലരും പ്രവചിച്ചു പറഞ്ഞിട്ടുണ്ട്!" കഷ്ടം തന്നെ... ഇതൊക്കെ പറയുന്നവരെയാണല്ലോ പ്രവാചകൻ എന്നു വിളിക്കുന്നത്!).

മനുഷ്യരിൽ പാപബോധം വളർത്തുന്ന, മാനസാന്തരത്തിന്റെ ആവശ്യം വെളിപ്പെടുത്തുന്ന പ്രസംഗകർ ഇന്നെവിടെ? അനുതാപത്തിന്റെ കരച്ചിലുയരുന്ന സുവിശേഷയോഗങ്ങളെവിടെ? പാപത്തെ സഹിക്കാൻ കഴിയാത്ത വിശുദ്ധനായ ഒരു ദൈവത്തെ വരച്ചുകാണിക്കുന്ന യോനാഥാൻ എഡ്വേർഡിനെപ്പോലെയുള്ള എത്ര പ്രസംഗകർ നമുക്കിന്നുണ്ട്?

പത്രോസ് ദൈവത്തെ അറിഞ്ഞുവരുന്നതേയുള്ളൂ. തന്റെ സഹായമാവശ്യപ്പെട്ടുവരുന്ന ഒരു വഴിയുപദേശി (street preacher) എന്ന നിലയിൽനിന്ന്, ആർദ്രതയുള്ള ഗുരുവെന്ന നിലയിൽനിന്ന്, തന്റെ പാപങ്ങളെ ശിക്ഷിക്കാൻ അധികാരമുള്ള ദൈവമായി യേശുവിനെ അവൻ അറിഞ്ഞു. എന്നാൽ, ഇനിയും അറിയാനുണ്ട്. തീർച്ചയായും യേശു പാപത്തിനു ശിക്ഷവിധിക്കാൻ യോഗ്യനായ കർത്താവാണ്. എന്നാൽ, ശിക്ഷിക്കുന്നവനായി മാത്രം ദൈവത്തെ ഗ്രഹിച്ചിരുന്ന പത്രോസ്, യേശുവിൽ ദൈവത്തിന്റെ പുതിയൊരു മുഖം കാണാൻ പോകുകയാണ്. ''ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ!" (യോഹന്നാൻ 3:17). അതെ, യേശുവിൽ പത്രോസ് ദൈവത്തിന്റെ പുതിയ മുഖം കണ്ടു– രക്ഷകന്റെ മുഖം! ശിക്ഷിക്കപ്പെടുമെന്നു ഭയപ്പെട്ടു "സംഭ്രമിച്ചു" (ലൂക്കോസ് 5:9) നിന്ന പത്രോസിനൊടു യേശു പറഞ്ഞു: ''ഭയപ്പെടേണ്ട!'' (ലൂക്കോസ് 5:10). അതാണു സുവിശേഷം! പാപത്തിന്റെ ഭാരത്തിൽ തലതല്ലിക്കരയുന്ന, നരകഭീതിയിൽ നിരാശയുടെ പടുകുഴിയിൽ കിടക്കുന്ന, ആലംബഹീനരായ മനുഷ്യരോടുള്ള ദൈവപുത്രന്റെ സാന്ത്വനസ്വരം–"ഭയപ്പെടേണ്ട"! ഈയൊരു വാക്കിൽ സുവിശേഷം മുഴുവൻ ഉള്ളടങ്ങിയിരിക്കുന്നു. യേശുവിന്റെ തിരുജനനം ആട്ടിടയന്മാർക്കു വിളംബരം ചെയ്തുകൊണ്ടുള്ള ദൂതഗീതിയുടെ പരമസന്ദേശവും അതുതന്നെയായിരുന്നുവെന്നോർക്കുക. "ഭയപ്പെടേണ്ട! സർവജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു...കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു..." (ലൂക്കോസ് 2:10,11).

രക്ഷിതാവിന്റെ ജനനമാണു ഭയത്തെ തുടച്ചുമാറ്റുന്നത്. എന്നാൽ, അനുതപിക്കുന്നവനുമാത്രമേ "ഭയപ്പെടേണ്ട" എന്ന രക്ഷകന്റെ സാന്ത്വനസ്വരം കേൾക്കാനാവൂ. മീനില്ലാതെ വിഷമിച്ച പത്രൊസിനോടു യേശു "ഭയപ്പെടേണ്ട" എന്നു പറഞ്ഞില്ല. അപ്പോഴവനു ഭയമില്ലല്ലോ.. ഭയമുണ്ടാകുന്നത് എപ്പോഴാണ്? പാപം ചെയ്യുമ്പോഴല്ല, പാപം പിടിക്കപ്പെടുമ്പോഴാണു നാം പലപ്പോഴും ഭയപ്പെടുന്നത്. പാപം നമ്മിൽ ഒരു ഉൾഭീതി നൽകുന്നുണ്ടാവാം. എന്നാൽ, പാപം പിടിക്കപ്പെടുമ്പോൾ, നാം ശിക്ഷകന്റെ മുമ്പിൽ ചെന്നുപെടുമ്പോൾ ഭീതി അതിന്റെ പാരമ്യത്തിൽ എത്തുന്നു. കോളേജിൽ കൂട്ടുകാരുമൊത്തു മദ്യപിച്ചു മദോന്മത്തനായി എല്ലാ ദുസ്വഭാവങ്ങളോടുംകൂടെ നടന്ന രാജു, അവധിക്കു നാട്ടിലെത്തുമ്പോൾ എല്ലാവരുടെയും മുമ്പിൽ നല്ലപിള്ളയായിരുന്നു. ആരാധനയ്ക്കു പോകാനും സാക്ഷി പറയാനും അവനു മടിയില്ലായിരുന്നു... എന്നാൽ, അവിചാരിതമായി ഹോസ്റ്റലിൽ മകനെ കാണാനെത്തിയ പിതാവ് കൂട്ടുകാരുമൊത്തു മദ്യപിച്ച് ചീട്ടുകളിച്ചുകൊണ്ടിരിക്കുന്ന മകനെയാണു കാണുന്നത്... പിടിക്കപ്പെട്ടു എന്നു മനസിലാകുമ്പോഴാണു ഭീതിയുണ്ടാകുന്നത്.

തന്റെ പാപഭാരവുമായി, ശിക്ഷിക്കപ്പെടുമെന്ന ഭീതിയിൽ യേശുവിന്റെ കാൽക്കൽ വീണുകിട

ക്കുന്ന പത്രോസിനോടു യേശു പറഞ്ഞു: ഭയപ്പെടേണ്ട.. നിന്റെ അനുതാപം ഞാൻ അറിയുന്നു. പഴയലോകം, പഴയജീവിതം അതൊക്കെ ഞാൻ മറക്കുന്നു. നിന്നെ ശിക്ഷിക്കാൻ എനിക്കു കഴിയുമെങ്കിലും ഇപ്പോൾ ഞാൻ വന്നതു നിന്നെ ശിക്ഷവിധിക്കാനല്ല; നിന്നെ ഒരു പുതിയ ലോകത്തിലേക്കു നയിക്കാനാണ്; നിനക്കൊരു പുതിയ ജീവിതം നൽകാനാണ്. “ഇന്നു മുതൽ നീ മനുഷ്യനെ പിടിക്കുന്നവനാകും”(ലൂക്കോസ് 5:10). എല്ലാം തകർന്നുവെന്നു ചിന്തിച്ചിരുന്നപ്പോൾ, ഇതാ പത്രോസിനു അവിശ്വസനീയമായ നിലയിൽ പുതിയൊരു ജീവിതം ലഭിച്ചിരിക്കുന്നു. അവനു പാപക്ഷമ ലഭിച്ചെന്നു മാത്രമല്ല, യേശുവിനോടുകൂടെ പ്രവർത്തിക്കാൻ-മനുഷ്യരെ പിടിക്കാൻ- ക്ഷണവും ലഭിച്ചിരിക്കുന്നു. ഒരു പുതിയ ജോലി എന്നു മാത്രമല്ല, യേശുവിന്റെ പങ്കാളിയാകുവാനുള്ള (partnership with Jesus) ക്ഷണമാണു പത്രോസിനു ലഭിച്ചിരിക്കുന്നത്! ഇതു കേട്ടാൽ ആരാണു തുള്ളിച്ചാടാതിരിക്കുക! എന്താണു യേശുവിന്റെ വാഗ്ദാനം എന്നു മനസ്സിലാക്കിയാൽ പിന്നെ നമുക്കു അടങ്ങിയിരിക്കാനാവില്ല! പത്രോസിനും കൂട്ടാളികൾക്കും അതു മനസിലായി...“പിന്നെ അവർ പടകുകളെ കരയ്ക്കടുപ്പിച്ചിട്ട്, സകലവും വിട്ട് അവനെ അനുഗമിച്ചു (ലൂക്കോസ് 5:11).

നോക്കൂ, ജോലിയിലെ പാരാജയത്തിൽ-രാത്രി മുഴുവനുമുള്ള അധ്വാനത്തിനു ശേഷവും മീനൊന്നും കിട്ടാതിരുന്ന അവസ്ഥയിൽ- യേശു മനസ്സലിഞ്ഞു നല്കിയ അനുഗ്രഹമാണു രണ്ടു പടക് നിറച്ചുള്ള വലിയ മീൻകൂട്ടം! ഒരു പക്ഷേ, ഒരുമാസംകൊണ്ടു അവർക്കു കിട്ടാനുള്ള അത്രയും മീൻ... അതു കരയ്ക്കടുപ്പിച്ചിട്ട്, അതു വില്ക്കാൻ നിൽക്കാതെ, ആരെങ്കിലും അതു കൊണ്ടുപൊയ്ക്കൊട്ടെ എന്നു ചിന്തിച്ച്, ‘സകലവും വിട്ട്’, ആ നാലു മുക്കുവർ യേശുവിന്റെ പിന്നാലെ പോയി...പിന്നെ മീൻ പിടിക്കുന്ന ഉദ്യോഗം വിട്ട് അവർ മനുഷ്യനെ പിടിക്കുന്ന വലിയ മുക്കുവന്റെ കൂട്ടാളികളായിക്കൂടി!

രണ്ടു പടകു നിറയെ മീൻ കൈവശമുണ്ടായിരുന്ന ആ നാലു മുക്കുവർ അതൊന്നു തിരിഞ്ഞു പോലും നോക്കാതെ സകലവും വിട്ട് മറ്റുള്ളവരുടെ ദൃഷ്ടിയിൽ ശൂന്യമായ ഭാവിയിലേക്കു എന്ന തരത്തിൽ യേശുവിന്റെ പിന്നാലെ നടന്നുനീങ്ങിയതാണ് വലിയ അത്ഭുതം! സമൃദ്ധി ലഭിക്കുന്നതല്ല സമൃദ്ധി ഉപേക്ഷിക്കാൻ കഴിയുന്നതാണ്

**ജോലിയിലെ പാരാജയത്തിൽ-രാത്രി മുഴുവനുമുള്ള അധ്വാനത്തിനു ശേഷവും മീനൊന്നും കിട്ടാതിരുന്ന അവസ്ഥയിൽ- യേശു മനസ്സലിഞ്ഞു നല്കിയ അനുഗ്രഹമാണു രണ്ടു പടക് നിറച്ചുള്ള വലിയ മീൻകൂട്ടം! ഒരു പക്ഷേ, ഒരുമാസംകൊണ്ടു അവർക്കു കിട്ടാനുള്ള അത്രയും മീൻ...**

വലിയ അത്ഭുതം! പത്രോസിനെ അനുഗമനത്തിലേക്കു നയിച്ച ചുവടുകളും, യേശുവിനെക്കുറിച്ചുള്ള അവന്റെ തിരിച്ചറിവുകളുടെ വളർച്ചയും നാം കണ്ടു! തന്റെ സഹായമാവശ്യപ്പെട്ടു വരുന്ന തച്ചൻ, തന്നെ സഹായിക്കാൻ വരുന്ന ആർദ്രതയുള്ള ഗുരു, പരിശുദ്ധനായ ദൈവം, പാപത്തെ ശിക്ഷിക്കാൻ അധികാരമുള്ള കർത്താവ്, ‘ഭയപ്പെടേണ്ട’ എന്ന സാന്ത്വനസ്വരവുമായി നിൽക്കുന്ന രക്ഷകൻ...അനുഗമനത്തിനു ഈ ചുവടുകളെല്ലാം ആവശ്യമാണ്. എന്നാൽ, ഓരോ തിരിച്ചറിവിനനുസരിച്ച് പത്രോസ് ഓരോ ചുവടുകൾ മുന്നേറിയെങ്കിലും ആത്യന്തികമായി ശിഷ്യനാകുവാൻ അവൻ ഒടുവിലത്തെ ചുവടെടുക്കേണ്ടിയിരുന്നു. യേശുവിനു പ്രസംഗിക്കാൻ പടകുകൊടുത്തപ്പോൾ അവൻ ശിഷ്യനായില്ല, യേശു അവനു മീൻ കൊടുത്തപ്പോഴും അവൻ ‘ശിഷ്യനാ’യില്ല. എന്തിന്, ദൈവദർശനമുണ്ടായപ്പോഴും പാപബോധമുണ്ടായപ്പോഴും അനുതപിച്ചപ്പോഴും പാപമേറ്റു പറഞ്ഞു കരഞ്ഞപ്പോഴും, ‘ഭയപ്പടേണ്ട’ എന്ന ശബ്ദം കേട്ടപ്പോഴും അവൻ ശിഷ്യനായില്ല... പത്രോസ് ശിഷ്യനായത്, സകലവും ഉപേക്ഷിച്ച്, അവന്റെ പിന്നാലെ പോകാൻ കാലെടുത്തുവച്ച ആദ്യത്തെ ചുവടുവയ്പ്പിലാണ്! ബാക്കിയെല്ലാം ശിഷ്യത്വത്തിന്റെ ഒരുക്കങ്ങൾ മാത്രം! ശിഷ്യനാകാൻ ജോലി ഉപേക്ഷിക്കണമെന്നില്ല. എന്നാൽ, മീനെ കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്നവനു ഒരിക്കലും ശിഷ്യനാകാൻ കഴിയില്ല!

കർത്താവിന്റെ വിശുദ്ധിയുടെ ഉജ്ജ്വലതയിൽ നമ്മുടെ കറപുരണ്ട ജീവിതം എത്ര പാഴായിരുന്നുവെന്നു നാം തിരിച്ചറിയണം അനുഗമിക്കുവാനുള്ള അവിടുത്തെ ആഹ്വാനത്തിനു മുമ്പിൽ, മനസ്സലിവുകൊണ്ടു നൽകിയ നന്മകളെത്തന്നെ പുറകിലെറിഞ്ഞുകളയാൻ നമ്മെ പഠിപ്പിക്കണമേ എന്ന് പ്രാർത്ഥിക്കാം •

# ദൈവസഭയോ കൾട്ട് സംഘങ്ങളോ?

**ദൈ**വത്താൽ വിളിക്കപ്പെട്ടതും വേർതിരിക്കപ്പെട്ടതുമായ സഭയുടെ നാഥൻ എന്നും ക്രിസ്തുവാണ്. ശുദ്ധയും നിഷ്കളങ്കയും കുറ്റമറ്റതും തേജസ്സേറിയതുമായ സഭയെ പണി ചെയ്യുവാനാണ് ക്രിസ്തു തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തത് (എഫേസ്യർ 5:26,27). സ്വന്തരക്തത്താൽ സമ്പാദിച്ച അവിടുത്തെ ശരീരമായ സഭ ശിരസ്സാകുന്ന ക്രിസ്തുവിനോട് അനുരൂപപ്പെടുമ്പോഴാണ് സഭയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം വെളിപ്പെടുന്നത്.

കുടുംബജീവിതത്തിന്റെ ധന്യത എപ്പോഴും ഭാര്യഭർതൃ ബന്ധത്തിന്റെ പവിത്രതയിലും വിശ്വസ്തതയിലും സ്നേഹത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതുപോലെ, സഭ എപ്പോഴും നാഥനായ ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തുന്ന ശുദ്ധയും നിർമ്മലതയും ഏകാഗ്രതയും ഉള്ള മണവാട്ടി ആയിരിക്കേണം. അതിൽ കുറയുന്ന സഭാവിജ്ഞാനമെല്ലാം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നതായിരിക്കും. വിഭാഗീയതയും നിഗളവും മത്സരവും ഉള്ള കൊലോസ്യയിലെ സഭയോട് അപ്പോസ്തലനായ പൗലോസിന്റെ ഉപദേശം നാം ഓരോരുത്തരും സദാ കരുതേണ്ടതാണ്. അത് ഇപ്രകാരമാണ്: ‘അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും ചെയ്യുവിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ. അതിനല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത് (കൊലോസ്യർ 3:12 15). ഇത് അദൃശ്യമായ സഭയ്ക്കോ മാർമ്മിക സഭയ്ക്കോ ഉള്ള ദൈവശാസ്ത്രം അല്ല. മറിച്ച് ഇന്ന് നാം ഓരോരുത്തരും ഉൾപ്പെടുന്ന പ്രാദേശിക സഭകൾക്കുള്ള മാർഗ്ഗരേഖയാണ്.

ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ ആയിത്തീരേണ്ട രക്ഷിക്കപ്പെട്ട ഓരോരുത്തരും തങ്ങളുടെ സംഘടനയിലും അതിന്റെ ഭരണഘടനയിലും അതിന്റെ കെട്ടിടങ്ങളിലും സെമിനാരികളിലും ജനറൽ കൺവെൻഷനുകളിലും ഊറ്റം കൊള്ളുന്ന ‘വെറും വിശ്വാസികളായി’ പരിണമിക്കുന്നു. ചിലർക്ക് യഥാർത്ഥമായ സഭയെക്കുറിച്ചും സഭാനാഥനെക്കുറിച്ചുമുള്ള ദർശനത്തെക്കാൾ കൾട്ട് കൂട്ടായ്മകളോടും അതിന്റെ സിഇഒമാരോടുള്ള വിധേയത്വമാണ് വലുത്. സഭ മുഴുവനായുംരാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുമ്പോഴാണ് സഭ ജയാളിയാകുന്നത്! അപ്പോഴാണ് സഭ കുഞ്ഞാടിന്റെ കാന്തയാകുന്നത്!

–എംസി

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 031505300011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.02.2025

NERVEEDHI - FEBRUARY 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

RP PUBLICATIONS

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ഒരു തമിഴ് ഗ്രന്ഥം
ജോയ് എം. തോമസ് എഴുതിയ
"നമുക്ക് വിശുദ്ധരാകാം"
എന്ന പുസ്തകത്തിന്റെ പരിഭാഷ




## பரிசுத்தமான வாழ்வுக்கு பதினைந்து படிகள்

### பரிசுத்தமான வாழ்வு

வாழ்வில் பரிசுத்தம் விரும்பும் விசுவாசியாகிய நீங்கள் இப்புத்தகத்தை கவனமாக வாசியுங்கள். ஒவ்வொரு பாடமும் அடிவரையிட்டு மனதில் பதிய வைத்துக் கொள்ளுங்கள்.

பரிசுத்த வாழ்வை விரும்பும் உங்கள் நண்பர்கள், பிரிய மானவர்களுக்கு வெகுமதியாகக் கொடுக்க உகந்ததாகும் இப்புத்தகம்.

ഇപ്പോൾ ലഭ്യമാണ്




മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

**പ്രത്യാശ മരണത്തിനപ്പുറം.**

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*

*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.